# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 നവംബർ 28 | ദീപം 57 | നാളം 38 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




ജോർജ് കള്ളിവയലിൽ

## മണിപ്പുർ വീണ്ടും കത്തുന്നു!

# സമാധാനം അകലെയോ?

''മണിപ്പുരിൽ സ്ഥിതിഗതികൾ സാധാരണനിലയിലാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ എല്ലാ പങ്കാളികളുമായും സംസാരിക്കുന്നുണ്ട്. 11,000 ലധികം എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യുകയും അഞ്ഞൂറിലധികംപേരെ അറസ്റ്റുചെയ്യുകയും ചെയ്തു. അക്രമസംഭവങ്ങൾ കുറഞ്ഞുവരുകയാണ്. സ്കൂളുകളും കോളജുകളും ഓഫീസുകളും മറ്റു സ്ഥാപനങ്ങളും തുറന്നിരിക്കുന്നു.'' പ്രധാനമന്ത്രി നരേന്ദ്ര മോദി പാർലമെന്റിൽ കഴിഞ്ഞ ജൂലൈ മൂന്നിനു നടത്തിയ പ്രസ്താവനയാണിത്. നാലര മാസംമുമ്പ് പാർലമെന്റിൽ പ്രധാനമന്ത്രി നൽകിയ ഉറപ്പുകൾ പക്ഷേ, ആവിയായി.

'മണിപ്പുരിൽ സമാധാനം പുനഃസ്ഥാപിക്കാൻ രാഷ്ട്രീയം മാറ്റിവച്ചു സഹകരിക്കണ'മെന്ന് പ്രധാനമന്ത്രി അഭ്യർഥിച്ചെങ്കിലും ഭരണകക്ഷിയായ ബിജെപി അടക്കം രാഷ്ട്രീയക്കളികൾ തുടരുകയാണ്. കലാപം നിയന്ത്രിക്കുന്നതിൽ പൂർണമായി പരാജയപ്പെടുകയും സ്വന്തം സമുദായത്തിനുവേണ്ടി ഏകപക്ഷീയമായി പ്രവർത്തിക്കുകയും ചെയ്ത മണിപ്പുർ മുഖ്യമന്ത്രി എൻ. ബിരേൻസിങ്ങിനോടു രാജി ആവശ്യപ്പെടാനോ അദ്ദേഹത്തെ പുറത്താക്കാനോ മോദിയും കേന്ദ്രസർക്കാരും തയ്യാറായില്ല.

സമ്പൂർണഭരണത്തകർച്ചയാണ് മണിപ്പുരിലെന്നു സുപ്രീംകോടതി നേരത്തേ ചൂണ്ടിക്കാട്ടിയിരുന്നു. സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലുമുള്ള ഭരണപരാജയത്തിന്റെ നേരിട്ടുള്ള ഫലമാണ് മണിപ്പുരിലെ ഇപ്പോഴത്തെ അക്രമങ്ങൾക്കു കാരണമെന്ന് മുൻമുഖ്യമന്ത്രി ഒക്രം ഇബോബി സിങ് ചൂണ്ടിക്കാട്ടി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശക്തമായി പ്രവർത്തിച്ചിരുന്നെങ്കിൽ സ്ഥിതി ഇത്ര വഷളാകില്ലായിരുന്നു. അശാന്തിയുടെ വേലിയേറ്റം തടയാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇനിയും ഫലപ്രദമായ നടപടിയെടുക്കുന്നില്ലെന്നതു രാജ്യത്തെയാകെ ഞെട്ടിക്കുന്നതാണ്.

പൊലീസിനെയും പട്ടാളത്തെയും ഉപയോഗിച്ചു കുക്കികളെ കൊന്നൊടുക്കാനും അടിച്ചമർത്താനുമാണു സർക്കാർ നീക്കമെന്നു കുക്കികൾ സംശയിക്കുന്നു. മെയ്തെയ് തീവ്രഗ്രൂപ്പുകൾക്ക് അഴിഞ്ഞാടാനും അക്രമം നടത്താനും സംരക്ഷണം കൊടുക്കുന്നുവെന്ന പരാതിയുമുണ്ട്. സൈന്യത്തിനു പ്രത്യേകാധികാരം നൽകുന്ന വിവാദ അഫ്സ്പ നിയമം ആറ് പൊലീസ്സ്റ്റേഷൻ അതിർത്തികളിൽ പുനഃസ്ഥാപിച്ചതിനെ സംശയത്തോടെയാണ് കുക്കികളും മെയ്തെയ്കളും ഒരു പോലെ വീക്ഷിക്കുന്നത്.



കുക്കികളുടെ മലയോരമേഖലകളിൽമാത്രമാണ് പോലീസും കമാൻഡോകളും സിആർപിഎഫും ബിഎസ്എഫും ആസാം റൈഫിൾസും കരസേനയും ചേർന്ന സംയുക്തസേന തെരച്ചിലും റെയ്ഡുകളും നടത്തുന്നതെന്നും കുക്കികൾ കുറ്റപ്പെടുത്തി. സംയുക്തസേനയുടെ ചുമതല പക്ഷപാതപരമായി പ്രവർത്തിക്കുന്ന ബിരേൻസിങ് സർക്കാരിനു നൽകിയതിലും കുക്കികൾ അരിശത്തിലാണ്. സർക്കാരും പൊലീസും ജനസംഖ്യയുടെ 53 ശതമാനമുള്ള മെയ്തെയ്കളും പതിനാറുശതമാനം മാത്രം വരുന്ന ന്യൂനപക്ഷ കുക്കികളും തമ്മിൽ താരതമ്യമില്ലെന്നതു പ്രശ്നം സങ്കീർണമാക്കുന്നു.

### നടപ്പാകുന്നത് പൊലീസ് രാജ്

2023 മേയ് മൂന്നിനു തുടങ്ങിയ മണിപ്പുർ കലാപം ഒന്നരവർഷത്തിനുശേഷവും കനലടങ്ങാതെ ആളിക്കത്തുകയാണ്. സ്ഫോടനാത്മകസ്ഥിതിയിലുള്ള മണിപ്പുരിൽ സമാധാനം അകലെയാണ്. മണിപ്പുരിലെ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കഴിഞ്ഞ തിങ്കളാഴ്ച ഡൽഹിയിൽ വിളിച്ച യോഗത്തിലും അയ്യായിരത്തിലേറെ സുരക്ഷാഭടന്മാർ ഉൾക്കൊള്ളുന്ന അമ്പതു കമ്പനി കേന്ദ്രസേനയെക്കൂടി അയയ്ക്കാൻ തീരുമാനിച്ചു. കഴിഞ്ഞയാഴ്ച അയച്ച ഇരുപതു കമ്പനിക്കു പുറമേയാണിത്. സൈന്യത്തിനും പൊലീസിനും പുറമേ 218 കമ്പനി സായുധസേനകളാണ് മണിപ്പുരിലുള്ളത്.

▶ 8

# തലസ്ഥാനനഗരി ശ്വാസം മുട്ടുമ്പോൾ



പ്രൊഫ. റോണി കെ. ബേബി

ചരിത്രത്തിൽ ഇതുവരെയുണ്ടായതിൽവച്ച് ഏറ്റവും മലിനമായ അന്തരീക്ഷമാണ് ഡൽഹിയിൽ നിലനിൽക്കുന്നത്. നഗരമാകെ വിഷപ്പുക കൊണ്ടു നിറഞ്ഞിരിക്കുകയാണ്. ദീപാവലിപ്പിറ്റേന്നു തുടങ്ങിയ പുക അതീവഗുരുതരാവസ്ഥയിലായിരിക്കുന്നു. വായുമലിനീകരണം എല്ലാ നിയന്ത്രണങ്ങളും ലംഘിച്ചുകടന്നതിന്റെ അടയാളമാണ് ഡൽഹിയിൽ കഴിഞ്ഞ ഒരാഴ്ചയായി തുടരുന്ന കടുത്ത പുകമഞ്ഞ്. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതരത്തിലേക്ക് അന്തരീക്ഷമലിനീകരണത്തിന്റെ തോതുയർന്നതോടെ, സ്കൂളുകൾ അടച്ചിടാനും ആളുകളെ പുറത്തിറങ്ങുന്നതിൽനിന്നു നിയന്ത്രിക്കാനുമെല്ലാം ഡൽഹി ഭരണകൂടം നിർബന്ധിതമായിരിക്കുകയാണ്. ലോകാരോഗ്യസംഘടന നിശ്ചയിച്ച പരിധിയെക്കാൾ അമ്പതുമടങ്ങധികമാണ് ഡൽഹിയിലെ വായുമലിനീകരണത്തോത് എന്നു മനസ്സിലാക്കുമ്പോഴാണ് സംഭവത്തിന്റെ തീവ്രത വ്യക്തമാകുന്നത്. സ്വിസ് കമ്പനിയായ ഐ ക്യു എയറിന്റെ കണക്കുപ്രകാരം ലോകത്ത് ഏറ്റവും മലിനമാക്കപ്പെട്ട രണ്ടാമത്തെ നഗരമാണ് ഡൽഹി. പാക്കിസ്താനിലെ ലാഹോറാണ് ഒന്നാമത്തെ നഗരം.

### വിഷപ്പുകയുടെ കാരണങ്ങൾ

ഡൽഹിക്കു സമീപമുള്ള ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളിൽ കൊയ്ത്തുകഴിഞ്ഞ് അവശേഷിക്കുന്ന കുറ്റികൾ ഒഴിവാക്കാൻ കർഷകർ പാടങ്ങളിൽ തീയിടുന്ന 'പരളി'യാണ് അന്തരീക്ഷമലിനീകരണത്തിനു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്.



എന്നാൽ ഇതുമാത്രമല്ല, വാഹനങ്ങളിലെ പുകയാണ് മലിനീകരണത്തിന്റെ പ്രധാന കാരണമെന്നാണ് സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് അടുത്തിടെ നടത്തിയ പഠനത്തിലൂടെ സ്ഥിരീകരിച്ചിരിക്കുന്നത്. 51.5 ശതമാനം വായുമലിനീകരണവും വാഹനങ്ങളിൽനിന്നുള്ള പുകയുടെ സംഭാവനയാണെന്നാണ് അവരുടെ കണ്ടെത്തൽ. കാലപ്പഴക്കം ചെന്ന വാഹനങ്ങളാണ് മലിനമായ പുകയുടെ പ്രധാന ഉത്പാദകർ.

▶ 9

## സമുദായശക്തീകരണത്തിന്റെ സമുജ്ജ്വലസാക്ഷ്യമായി

# ക്രൈസ്തവമഹാസമ്മേളനം



*രാമപുരത്തു നടന്ന ക്രൈസ്തവമഹാസമ്മേളനം ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുന്നു. (ഇടത്തുനിന്ന്) മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ജോസ് കെ. മാണി എം.പി, മന്ത്രി റോഷി അഗസ്റ്റിൻ, ബിഷപ് ഗീവർഗീസ് മാർ അപ്രേം, കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ആന്റോ ആന്റണി എം.പി, എം.എൽ.എമാരായ മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ എന്നിവർ മുൻനിരയിൽ.*

രാമപുരം: പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയും ദളിത് കത്തോലിക്കാ മഹാജനസഭയുടെ (ഡി.സി.എം.എസ്.) സപ്തതിവർഷവും പ്രമാണിച്ച് നവംബർ 17 ന് രാമപുരത്തു നടന്ന ക്രൈസ്തവമഹാസമ്മേളനവും ദേശീയസിമ്പോസിയവും രൂപതയുടെ വിശ്വാസദാർഢ്യത്തിന്റെയും സമുദായൈക്യത്തിന്റെയും നേർസാക്ഷ്യമായി.

രാവിലെ 9 ന് രാമപുരം സെന്റ് അഗസ്റ്റിൻസ് പാരിഷ് ഹാളിൽ നടന്ന ദേശീയ സിമ്പോസിയം കെസിബിസി എസ്‌സി/ എസ്ടി/ ബിസി കമ്മീഷൻ ചെയർമാൻ ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. മാർ ജേക്കബ് മുരിക്കൻ അനുഗ്രഹപ്രഭാഷണം നടത്തി. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ വിപ്ലവകരമായ പ്രേഷിതചൈതന്യത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്നു അധ്യക്ഷപ്രസംഗത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

'ദളിത് ക്രൈസ്തവരുടെ നിജസ്ഥിതിയും ശക്തീകരണവഴികളും' എന്ന വിഷയത്തിൽ ഡോ. സിജോ ജേക്കബും 'ദളിത് ക്രൈസ്തവവിമോചനത്തിന്റെ സമഗ്രത-സഭയിൽ' എന്ന വിഷയത്തിൽ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും 'വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ദളിത് ക്രൈസ്തവരുടെ മാർഗദർശി' എന്ന വിഷയത്തിൽ ബിനോയി ജോണും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ മോഡറേറ്ററായിരുന്നു.

ഉച്ചകഴിഞ്ഞ് 1.30 ന് രാമപുരംപള്ളി മൈതാനിയിലെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ നഗറിൽ നടന്ന ക്രൈസ്തവമഹാസമ്മേളനം ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യാതിഥിയായിരുന്നു.

വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ഒരു ജനസമൂഹം അവഗണിക്കപ്പെടുന്നതും മതത്തിന്റെ പേരിൽ പ്രത്യേകനിയമങ്ങൾ ഓരോ സമുദായത്തിൽപ്പെട്ടവർക്കായി നിർമിക്കുന്നതും ഒരു രാജ്യത്തിനും ഭൂഷണമല്ലെന്ന് ഉദ്ഘാടനപ്രസംഗത്തിൽ ആർച്ചുബിഷപ് മാർ തോമസ് തറയിൽ പറഞ്ഞു. സാമൂഹികസാഹചര്യങ്ങൾ ഒരുപോലെ നിലനില്ക്കുന്ന രാജ്യത്ത് സംവരണത്തിലെ വിവേചനം നീതിരഹിതവും മനുഷ്യത്വരഹിതവുമാണെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യവും ഭരണഘടനയും പൗരന്മാർക്കു നല്കുന്ന സുരക്ഷിതത്വബോധത്തിൽ മുറിവുകൾ ഉണ്ടാക്കരുതെന്ന് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. ഏതെങ്കിലും മതത്തിന്റെ പേരിലല്ല ദളിതർ അറിയപ്പെടേണ്ടത്; ഇന്ത്യൻ ദളിത് എന്ന നിലയിലാകണമെന്നും കർദിനാൾ പറഞ്ഞു.

മതത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നത് ഭരണഘടനയ്ക്കുതന്നെ അപമാനമാണ്. ദളിത് സമൂഹത്തിന്റെ പിന്നാക്കാവസ്ഥ ഒരുപോലെ കാണണം. ദളിത് ക്രൈസ്തവരോടൊപ്പം കേരളസഭ ഹൃദയം കൊണ്ടു ചേർന്നുനില്ക്കുന്നുവെന്നും കർദിനാൾ പറഞ്ഞു.

പാലാ രൂപതയുടെ ആറിലൊന്നോളം ആളുകൾ ദളിത് കത്തോലിക്കാവിഭാഗത്തിൽപ്പെട്ടവരാണ്. അതൊരു വലിയ സംഖ്യയാണ്, അതൊരു ശക്തിയാണ്. രൂപതയുടെതന്നെ സ്വത്വം നിർണയിക്കുന്നതിൽ വലിയ പങ്ക് ഡി.സി.എം.എസ്. സഹോദരങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്നു. ഇവരുടെ ന്യായമായ അവകാശങ്ങളോടു പക്ഷം ചേരേണ്ടതും അവരുടെ സർവതോമുഖമായ പുരോഗതിക്കുവേണ്ടി യത്നിക്കേണ്ടതും എല്ലാ ക്രൈസ്തവരുടെയും ഉത്തരവാദിത്വമാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.



*ക്രൈസ്തവമഹാസമ്മേളനത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിനു മുന്നോടിയായി മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ തിരിതെളിക്കുന്നു.*

കെസിബിസി എസ്‌സി/ എസ്ടി/ ബിസി കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം അനുഗ്രഹപ്രഭാഷണം നടത്തി. മന്ത്രി റോഷി അഗസ്റ്റിൻ ജൂബിലിസന്ദേശം നൽകി.

എം.പി. മാരായ ജോസ് കെ.മാണി, ആന്റോ ആന്റണി, എം.എൽ.എ മാരായ മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ.ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ, രൂപത പ്രസിഡന്റ് ബിനോയി ജോൺ, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, രാമപുരം ഫൊറോനാവികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പ്രസംഗിച്ചു.

രാമപുരം ഫൊറോനാപ്പള്ളിയും പന്തലും പരിസരവും നിറഞ്ഞുകവിഞ്ഞ ജനസഞ്ചയം സമ്മേളനത്തിന്റെ സംഘാടനമികവിന്റെയും രൂപതയുടെ നിശ്ചയദാർഢ്യത്തിന്റെയും കെട്ടുറപ്പിന്റെയും തെളിവായി. കാലാകാലങ്ങളിൽ മാറിമാറി വരുന്ന സർക്കാരുകൾ ദളിത് ക്രൈസ്തവരോടു കാണിക്കുന്ന നീതിനിഷേധം സമ്മേളനത്തിൽ ചർച്ചയായി.



*ക്രൈസ്തവമഹാസമ്മേളനത്തോടനുബന്ധിച്ചു നടത്തിയ ദേശീയ സിമ്പോസിയം കെസിബിസി എസ്.സി/ എസ്.ടി/ ബി.സി. കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്യുന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മുൻ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, പാലാ രൂപത സിഞ്ചെല്ലൂസുമാരായ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, രാമപുരം ഫൊറോന വികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം, രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ബിനോയി ജോൺ, സെക്രട്ടറി ബിന്ദു ആന്റണി തുടങ്ങിയവർ സമീപം.*

പലവിചാരം



ജോർജ് പുല്ലാട്ട്



# വിനോദയാത്രകൾ വിലാപയാത്രകൾ

പരീക്ഷ കഴിഞ്ഞ് സ്കൂൾ വർഷാവസാനം ആഘോഷിക്കാൻ, ഒന്നു പൊടിപൊടിക്കാൻ മൂന്ന് അധ്യാപകരും മുപ്പത്തെട്ട് കുട്ടികളുംകൂടി അതിരാവിലെ ഒരു വിനോദയാത്ര പോകുന്നു. അതിൽ ഒമ്പതാംക്ലാസുകാരായ മൂന്നു മിടുക്കന്മാരുടെ മൃതദേഹവുമായി പാതിരയ്ക്ക് സംഘം മടങ്ങിയെത്തുന്നു.

മുപ്പത്തഞ്ചു കുട്ടികളെ ചേർത്തുപിടിച്ചും 'എന്റെ മോനേ, മോളേ' എന്നു വിളിച്ച് ഉമ്മവച്ചും അപകടത്തിൽപ്പെട്ടു ചാകാതെ അവരെ തിരിച്ചെത്തിച്ച ദൈവത്തെ സ്തുതിച്ചും മുപ്പത്തഞ്ചു കുടുംബങ്ങളിലെ മാതാപിതാക്കൾ വീട്ടിലേക്കു പോകുന്നു. വിനോദിക്കാൻ പോയ അക്കൂട്ടത്തിലെ മൂന്നു കുട്ടികളുടെ ജഡം താങ്ങിയെടുത്തും ചേർത്തുപിടിച്ചും ഉമ്മവച്ചും വഴിനീളെ ആർത്തലച്ചും ഇതാ പോകുന്നു, മൂന്നു വഴിക്ക് മൂന്നു കുടുംബങ്ങൾ.

മൂന്ന് ആംബുലൻസുകൾ ചീറിപ്പായുന്നു. കണ്ണിറുക്കി, കൈ കെട്ടി, ചെവിയടച്ചു നിശ്ചലമായി അവയിൽ കിടക്കുന്നു മൂന്നു പയ്യന്മാർ. അവർ മൂന്നും അവരുടെ കുടുംബത്തിലെ ഏകസന്തതിയോ ഏക ആൺതരിയോ ആണ്. ആംബുലൻസിലിരുന്ന് അപ്പനും അമ്മയും കുടുംബക്കാരും അലറിക്കരയുന്നു. ചിലർ എല്ലാ ദുഃഖവും ഉള്ളിലിട്ടുപൂട്ടി തൽക്കാലത്തേക്ക് മുദ്രവയ്ക്കുന്നു.

ദുരന്തത്തിൽപ്പെട്ടവരുടെ കൂടെപ്പോയ കുറച്ചു കൂട്ടുകാരും അവരുടെ കുടുംബാംഗങ്ങളും പിന്നെയും അവിടെ ചുറ്റിപ്പറ്റി നിൽക്കുന്നുണ്ട്. എന്നിട്ടെന്താ..? ഇത്തിരി കഴിഞ്ഞ് അവരും മടങ്ങും. വീർപ്പുമുട്ടലുകൾ താനേ കെട്ടടങ്ങും. ദുർവിധി ഏറ്റു വാങ്ങേണ്ടിവന്ന കുടുംബങ്ങൾ, ജീവിച്ചുതീർക്കുക എന്നത് പ്രകൃതിനിയമത്തിലെ ഒരു അനിവാര്യത ആയതുകൊണ്ട് സാധാരണ ജീവിതത്തിലേക്കു വരാൻ ശ്രമിക്കും. പക്ഷേ, നഷ്ടമായ ഇഷ്ടസന്താനങ്ങളെക്കുറിച്ചുള്ള ഓർമകൾ, ജീവിതാന്ത്യംവരെ അവരുടെയുള്ളിൽ ഒരു കനലായി നീറിക്കിടക്കും.

വിനോദയാത്രകൾ വിലാപയാത്രകളാകുന്ന ഡസൻ കണക്കിനു സംഭവങ്ങൾ ഓരോ വർഷവും നാം കാണുന്നു.

ആരാണിതിന്റെ ഉത്തരവാദികൾ? ടൂർ സങ്കടിപ്പിക്കുന്നവർതന്നെ, വിനോദയാത്രാസംഘത്തിന്റെ നേതാക്കൾതന്നെ.

എപ്പോഴൊക്കെ വിനോദയാത്ര പോയിട്ടുണ്ടോ, അപ്പോഴൊക്കെ തുടക്കത്തിലേ എല്ലാവരെയും ഓർമിപ്പിക്കുന്ന ഒരു കാര്യമുണ്ട്: 'നാം പോകുന്നതു വിനോദത്തിനാണ്. വിനോദത്തോടെതന്നെ തിരിച്ചുവരണം. എന്തൊക്കെ വേണ്ടെന്നു വെച്ചാലും സാരമില്ല, ഇപ്പോഴത്തെ സന്തോഷത്തിൽത്തന്നെ നമ്മൾ തിരിച്ചുവന്നേ പറ്റൂ. നമ്മെ മറ്റാരെങ്കിലും ചുമന്നുകൊണ്ടുവരേണ്ട അവസ്ഥ ഉണ്ടാകാതിരിക്കട്ടെ. വിനോദയാത്രകൾ വിലാപയാത്രകളായി മാറിയ അനേകം സംഭവങ്ങൾ നമ്മുടെ ഓർമയിലുണ്ടല്ലോ.

നമുക്കങ്ങനെ സംഭവിക്കാതിരിക്കട്ടെ; പാറക്കെട്ടിൽനിന്നു സെൽഫി, തിരപ്പുറത്തൊരു കെട്ടിമറിച്ചിൽ, കുത്തനെയുള്ള മലമണ്ടയിൽ വലിഞ്ഞുകേറ്റം, ആഴമറിയാത്ത പുഴയിൽ എടുത്തു ചാട്ടം... എന്നിങ്ങനെ ജീവൻ പണയപ്പെടുത്തിയുള്ള അഭ്യാസങ്ങൾ. എവിടെയും കർശനമായി വിലക്കാൻ ആരെങ്കിലും സംഘത്തിൽ ഉണ്ടായേ പറ്റൂ. കൂടെയുള്ളവർ അത് അനുസരിച്ചേ പറ്റൂ.

'ഹേയ്. നിങ്ങളെന്തൊരു ബോറനാണ്, രസംകൊല്ലിയാണ്, നിങ്ങടെകൂടെ പോന്നതു കഷ്ടമായി, വീട്ടിലിരുന്നാൽ മതിയായിരുന്നു, ഇങ്ങനെ മസിലു പിടിച്ചിരിക്കാനാണോ, ഇച്ചിരി രസിക്കാനല്ലേ നമ്മള് വന്നത്' എന്നൊക്കെയുള്ള ആക്ഷേപങ്ങളും എതിർപ്പുകളും ഉയർത്തുന്നവരുണ്ട്.

അന്യദേശത്തു ചെന്ന് ആഴമറിയാത്ത വെള്ളത്തിലിറങ്ങുന്നത്, അറിഞ്ഞുകൊണ്ട് മരണത്തെ വാരിപ്പുണരലാണ്. അതു സംഭവിക്കാതിരിക്കാൻ മുൻകരുതൽ എടുക്കാത്ത നിങ്ങളാണ് ദുരന്തത്തിനു കാരണക്കാർ. ആ ദുർഭഗകുടുംബങ്ങൾക്ക് ഇത്തിരി ആശ്വാസം കൊടുക്കാൻ ഇനി നിങ്ങളുടെ കൈയിൽ എന്തെങ്കിലുമുണ്ടോ?

നീന്തലറിയാവുന്നവർപോലും കയത്തിലും ചുഴിയിലും ചിലപ്പോൾ ആണ്ടുപോകും. പക്ഷേ, ഒരിക്കലും വെള്ളത്തിൽ ഇറങ്ങാത്തവർപോലും ടൂറിന്റെ ലഹരിയിൽ(മദ്യത്തിന്റെയും മറ്റും) വെള്ളത്തിൽ ചാടും. ഡ്രൈവിങ് പഠിക്കാത്തവൻ വണ്ടിയോടിക്കുന്നതുപോലെയാണത്. മരണക്കയത്തിലേക്കാണു പോകുന്നതെന്ന് അവർ അറിയുന്നില്ല.

തീ, വെള്ളം, കാറ്റ് തുടങ്ങിയ പ്രകൃതിശക്തികളോടൊന്നിനോടും പിള്ളകളി പാടില്ല, വെല്ലുവിളി പാടില്ല, ഏറ്റുമുട്ടൽ പാടില്ല. കാരണം, അവയുടെ കരുത്ത് മനുഷ്യന്റെ പിടിയിൽ ഒതുങ്ങില്ല. അതു പ്രവചനാതീതമാണ്.

ഇനി, ഞാൻ എഴുതുന്ന കാര്യം വായിച്ചിട്ട് നിങ്ങൾ എന്നെ തല്ലാനോ ചീത്ത പറയാനോ ഇടയുണ്ട്. സാരമില്ല. പക്ഷേ, പറയാതെ വയ്യ. നീന്തലറിയാതെ വെള്ളത്തിലിറങ്ങി മുങ്ങിമരിക്കുന്നവരുടെയും, സർവനിയമങ്ങളും തെറ്റിച്ചു രണ്ടും കല്പിച്ചു വണ്ടി പായിച്ച് അപകടത്തിൽപ്പെട്ടു മരിക്കുന്നവരുടെയും മൃതദേഹങ്ങൾക്ക് അമ്പത് ചൂരലടി കൊടുക്കണം. എന്നിട്ടിങ്ങനെ ചോദിക്കണം: "ഇങ്ങനെപോയി ഒടുങ്ങാനാണോ ഇത്രയുംകാലം നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ വളർത്തിയത്? കഷ്ടപ്പെട്ടു വളർത്തിയ അവർക്ക് നിങ്ങൾ കൊടുത്തത് ഒരിക്കലും തീരാത്ത ദുഃഖമല്ലേ? അതിനിരിക്കട്ടെ ഈ ശിക്ഷ." ■

# ലഹരിക്കയത്തിൽ മുങ്ങിത്താഴുന്നവർ



അനിൽ മണ്ണത്തൂർ

ശിലായുഗംമുതൽ മനുഷ്യൻ ലഹരിവസ്തുക്കൾ ഉപയോഗിച്ചിരുന്നതായാണു ചരിത്രം. ആധുനികസമൂഹമാകട്ടെ, ഇപ്പോൾ വന്നുവന്ന് ഏറെ അപകടകരമായ വിഷ വസ്തുക്കളിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. വായിലൂടെ കഴിക്കുന്നതും, മൂക്കിലൂടെ മണക്കുന്നതും, കുത്തിവയ്പിലൂടെ സിരകളിലേക്കു കയറുന്നതുമായ ലഹരിവസ്തുക്കൾ അനവധിയാണ്. ഇതിൽ കഞ്ചാവ്, മദ്യം, MDMA, LSD സ്റ്റാമ്പ് മുതലായവ ഇന്നു ചെറിയ കുട്ടികൾപോലും ഉപയോഗിക്കുന്നതായി കാണുന്നു.

മനുഷ്യന്റെ ബോധമണ്ഡലത്തിൽ ഉത്തേജനവും മയക്കവും സൃഷ്ടിക്കാൻ കഴിവുള്ള രാസവസ്തുക്കളാണല്ലോ ലഹരിപദാർഥങ്ങൾ. ആധുനിക സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്തായി ലഹരിവസ്തുക്കളുടെ ഉത്പാദനവും വിതരണവും ഉപഭോഗവും മാറിയിരിക്കുന്നു. ആയുധവിപണി കഴിഞ്ഞാൽ രണ്ടാം സ്ഥാനം ഇന്നു മയക്കുമരുന്നുവ്യാപാരത്തിനാണ്. അഞ്ചു വയസ്സുവരെ പാലും, പതിനഞ്ചുവയസ്സുവരെ കൊക്കക്കോളയും, അൻപതുവയസ്സു വരെ മദ്യവും, പിന്നീട് ഗ്ലൂക്കോസും എന്ന ഫലിതം ഇവിടെ ഓർത്തുപോവുന്നു. മുൻകാലങ്ങളിൽ ജീവൻരക്ഷാമരുന്നുകളെയാണ് ഡ്രഗ്സ് എന്ന വാക്കുകൊണ്ട് വിവക്ഷിച്ചിരുന്നത്. എന്നാൽ, ഇന്ന് ഡ്രഗ്സെന്നാൽ മയക്കുമരുന്ന് എന്നർഥം.

ലഹരി മൂത്തു നിരപരാധികളെ കൂട്ടത്തോടെ കൊല്ലുന്ന വാർത്ത ഇടയ്ക്കെല്ലാം നാം മാധ്യമങ്ങളിൽനിന്നു വായിച്ചറിയുന്നു. പള്ളിയിലും പള്ളിക്കൂടങ്ങളിലും മറ്റും നിരപരാധികളെ കൂട്ടത്തോടെ വെടിവെച്ചു കൊല്ലുന്ന വാർത്തകൾ! സെൽഫ്ഗോളിന്റെ പേരിൽ ലഹരിമാഫിയയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ഫുട്ബോൾ താരം എസ്കോബറിനെ ഇവിടെ ഓർക്കുന്നു. ഇന്ന് നമ്മുടെ നാട്ടിലും ഇത്തരം സംഭവങ്ങൾ വിരളമല്ല. കൊട്ടാരക്കരയിലെ ഡോക്ടർ വന്ദനയുടെകൊലപാതകം ഉദാഹരണം. അങ്ങനെയങ്ങനെ... എത്രയെത്ര സംഭവങ്ങൾ!



കുടുംബബന്ധങ്ങളിലെ കെട്ടുറപ്പില്ലായ്മ, ലഹരിപദാർഥങ്ങളിൽനിന്നു കിട്ടുന്ന ഉന്മാദമെന്ന മിഥ്യാബോധം, സമപ്രായക്കാരുടെ പ്രേരണ, വിദ്യാർത്ഥികളിൽ അനാവശ്യമായമത്സരബുദ്ധി വളർത്തുന്നത്, വിഷാദം, ക്ഷീണം, ഉത്കണ്ഠ, അപകർഷതാബോധം എന്നിവയിൽനിന്നു രക്ഷപ്പെടാൻ കഴിയുമെന്ന തെറ്റായ ധാരണ തുടങ്ങിയ വാദങ്ങളാണ് മയക്കുമരുന്നുവ്യാപനത്തിനു കാരണമായി പറയുന്നത്. പലതരത്തിലുള്ള ലൈംഗികാരാജകത്വത്തിലേക്കു സമൂഹത്തെ കൊണ്ടുപോകാൻ ലഹരിമാഫിയ ശ്രമിക്കുന്നു. കുട്ടികളെ ക്രിമിനൽലോകത്തിലേക്ക് എത്തിക്കാനും ഇവർക്കു കഴിയുന്നു. മയക്കുമരുന്നുപയോഗത്തിന്റെ ഫലമായി മാനസികവിഭ്രാന്തി, അർബുദം, കരൾസിറോസിസ് തുടങ്ങി എത്രയെത്ര രോഗങ്ങൾ! എയ്ഡ്സിന്റെ വ്യാപനത്തിനു മയക്കുമരുന്നു കുത്തിവയ്പ് പ്രധാന കാരണമാണ്. പല കുടുംബങ്ങളുടെയും സാമ്പത്തികത്തകർച്ചയ്ക്കു പ്രധാന ഹേതു മദ്യമാണ്. ഓണം, ക്രിസ്മസ് തുടങ്ങിയ കാലങ്ങളിലെ മദ്യവില്പന വഴിയുള്ള വരുമാനം കേൾക്കുമ്പോൾ നാം മൂക്കത്തു വിരൽവയ്ക്കും.

ഒരു ലഹരിവസ്തുവിന്റെ ദോഷവശങ്ങൾ അറിഞ്ഞിട്ടും അതിനോടുള്ള നിയന്ത്രിക്കാനാവാത്ത അഭിനിവേശമാണ് ആസക്തി. ആധുനികസമൂഹത്തിലെ മറ്റൊരു ലഹരിവസ്തുവാണു മൊബൈൽ ഫോൺ. മൊബൈൽ കിട്ടാതിരിക്കുമ്പോൾ ചില കുട്ടികളിൽ അക്രമവാസന പ്രകടമാകുന്നു. ചില മൊബൈൽ ഗെയിമുകളുടെ ഫലമായി കുട്ടികൾ ആത്മഹത്യ ചെയ്ത സംഭവമുണ്ട്. മൊബൈൽ ഫോണിനായി കുട്ടികളിൽ കളവ് എന്ന ശീലം ഉണ്ടാകുന്നതായി ഒരു മനഃശാസ്ത്രപഠനം പറയുന്നു. ■

കവിത

ളാക്കാട്ടൂർ പൊന്നപ്പൻ

## ഹാസങ്ങൾ

മൃദു മന്ദഹാസം
മനസ്സിൽ വിരിക്കും,
മധുരം തുളുമ്പും
ശതകോടി സൂനം

പരിഹാസമായാൽ
എരിവുള്ള മുള്ളായ്
ഉള്ളിൽ കടക്കും
കരളിൽ തുളയ്ക്കും

അട്ടഹാസത്താൽ
അകം ഞെട്ടിവാടും
മുഷ്ടിയാലുള്ളം
തട്ടിപ്പൊളിക്കും

ഒരു പൂർണഹാസം
പൂർണേന്ദുവാകും
കരളിൽ കടക്കും
പനിനീർ തുളിക്കും.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




വിനയത്തിനും ദൈവഭക്തിക്കുമുള്ള പ്രതിഫലം സമ്പത്തും ജീവനും ബഹുമതിയുമാണ്.

സുഭാഷിതങ്ങൾ 22:4

**എഡിറ്റോറിയൽ**

# കണ്ണുതുടയ്ക്കേണ്ടവർ കണ്ണടയ്ക്കുമ്പോൾ

വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ജൂലൈ മുപ്പതിന് അതിതീവ്രമായ ഉരുൾപൊട്ടലുണ്ടായി മൂന്നു മാസം പിന്നിടുമ്പോഴും, കേന്ദ്ര സഹായം അനുവദിക്കാത്തതിൽ കേരളക്കരയൊന്നാകെ കടുത്ത പ്രതിഷേധത്തിലാണ്. ദുരന്തമുണ്ടായി പതിനൊന്നാം ദിനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മേഖലയിൽ നടത്തിയ സന്ദർശനത്തെയും സഹായവാഗ്ദാനങ്ങളെയും ഏറെ പ്രതീക്ഷയോടെയാണു ജനം കണ്ടതെങ്കിലും അനിശ്ചിതത്വം ബാക്കിയാകുന്ന അതിദയനീയവും അപലപനീയവുമായ സാഹചര്യമാണുള്ളത്. മേപ്പാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബാലികയെ തൊട്ടുതലോടി ആശ്വസിപ്പിച്ച അദ്ദേഹത്തിന്റെ കരങ്ങൾക്കും വയനാട്ടിലെ ദുരിതബാധിതരോടു പറഞ്ഞ ആശ്വാസവാക്കുകൾക്കും ഉൾക്കരുത്തും ഉള്ളലിവുമുണ്ടാകണം.

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദേശീയദുരന്തമായി പ്രഖ്യാപിക്കാനാവില്ലെന്ന കേന്ദ്ര ആഭ്യന്തരസഹമന്ത്രി നിത്യാനന്ദ റായിയുടെ നിലപാട് വിവേചനപരവും നീതിരഹിതവുമാണ്. ദേശീയസംസ്ഥാനദുരന്തനിവാരണഫണ്ടുകളുടെ ചട്ടമനുസരിച്ച്, ഒരു വിപത്തിനെയും ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ വ്യവസ്ഥയില്ലെന്നാണ് കേന്ദ്രത്തിന്റെ പക്ഷം. പ്രളയവും ഉരുൾപൊട്ടലുമടക്കം പന്ത്രണ്ടു വിഭാഗം ദുരന്തങ്ങളുടെ കാര്യത്തിൽ, ദുരന്തനിവാരണത്തിനുള്ള പ്രാഥമികോത്തരവാദിത്വം സംസ്ഥാനസർക്കാരിനാണെന്നും സംസ്ഥാനദുരന്തനിവാരണഫണ്ടിൽനിന്ന് (എസ്.ഡി.ആർ.എഫ്.) സംസ്ഥാനസർക്കാർ ധനസഹായം നല്കണമെന്നും അതിനുവേണ്ട തുക ഫണ്ടിൽ ഉണ്ടെന്നും കേന്ദ്രമന്ത്രി കത്തുമുഖേന അറിയിച്ചിട്ടുണ്ടത്രേ.സംസ്ഥാനദുരന്തനിവാരണനിധിയിൽ ആവശ്യമായ പണം ഉണ്ടെന്ന് ഹൈക്കോടതിയിൽ കഴിഞ്ഞ മാസം പറഞ്ഞത് ഈയിടെയും ആവർത്തിച്ചു. കേരളത്തിന്റെ ദുരന്തനിവാരണനിധിയിലേക്ക് 388 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നത്. ഇതിൽ 291.2 കോടി രൂപ കേന്ദ്രവിഹിതവും 96.8 കോടി സംസ്ഥാനവിഹിതവുമാണ്.

സംസ്ഥാനത്തു സംഭവിക്കുന്ന എല്ലാ കെടുതികൾക്കും ആവശ്യമായിട്ടുള്ളതാണ് ദുരന്തനിവാരണനിധിയിലെ തുക. പ്രസ്തുതതുക വയനാടുദുരന്തമുണ്ടായാലും ഇല്ലെങ്കിലും കേരളത്തിനു സ്വാഭാവികമായും അർഹതപ്പെട്ടതാണ്. വയനാട്ടിലെ പുനരധിവാസത്തിനുള്ള പ്രത്യേക പാക്കേജാണ് കേരളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. വലിയ നാശനഷ്ടങ്ങളുണ്ടായാൽ ദേശീയദുരന്തനിവാരണനിധിയിൽനിന്ന് (നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫണ്ട് - എൻ.ഡി.ആർ.എഫ്.) അധികസാമ്പത്തികസഹായം അനുവദിക്കാമെന്ന് കേന്ദ്ര ആഭ്യന്തരസഹമന്ത്രിയുടെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കേരളം ചോദിച്ച 1500 കോടിയുടെ പാക്കേജ് നിഷേധിക്കുന്നെങ്കിൽ അതിനു മറുപടി പറയാനുള്ള ബാധ്യതയും കേന്ദ്രത്തിനുണ്ട്. കേരളത്തോടു വിവേചനം വച്ചുപുലർത്തുന്നതും കണ്ണിൽച്ചോരയില്ലാത്തതും രാഷ്ട്രീയപകപോക്കലെന്നു സംശയിക്കാവുന്നതുമായ നിലപാടു തുടരുന്നതും അനുവദിക്കാനാവുന്നതല്ല. കേരളം ഇന്ത്യയുടെ ഭാഗമല്ലേ എന്ന ചോദ്യമുയർത്തിയാണ് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രസർക്കാരിന്റെ അവഗണനയ്ക്കെതിരേ രൂക്ഷമായി പ്രതികരിച്ചത്. കേന്ദ്രസഹായം നല്കാത്തതിനെതിരേ വയനാട്ടിൽ യുഡിഎഫും എൽഡിഎഫും ഹർത്താൽ നടത്തി പ്രതിഷേധമുഖത്തു സജീവമാണ്.

ദേശീയ ദുരന്തനിവാരണനിധിയിൽനിന്ന് അഞ്ചു സംസ്ഥാനങ്ങൾക്കു കേന്ദ്രസർക്കാർ ഇക്കൊല്ലം മാത്രം 4,043 കോടി രൂപയാണ് അടിയന്തരസഹായമായി നല്കിയത്. അതിതീവ്രദുരന്തങ്ങളിൽ സംസ്ഥാനദുരന്തനിവാരണനിധിയിൽ തുക മതിയാകാതെ വരുമ്പോഴാണ് ഇതു നല്കുന്നത്. വയനാട്ടിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് കേരളം പ്രതീക്ഷിക്കുന്നത് ഈ സഹായമാണ്. പ്രധാനമന്ത്രി സ്ഥലം സന്ദർശിച്ചു ദുരന്തത്തിന്റെ തീവ്രത മനസ്സിലാക്കിയിട്ടും, കഴിഞ്ഞ ഓഗസ്റ്റിൽ വയനാട് സന്ദർശിച്ച കേന്ദ്രസംഘം ദുരന്തത്തിന്റെ നഷ്ടവും വ്യാപ്തിയും വിലയിരുത്തി റിപ്പോർട്ടു സമർപ്പിച്ചിട്ടും, പാർലമെന്റിന്റെ ഇരുസഭകളിലും കേന്ദ്രമന്ത്രിമാരടക്കം സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടും കേരളം തഴയപ്പെടുകയാണ്; അല്ല, കേരളത്തെ തോല്പിക്കുകയാണ്. വാക്കുകളും വാഗ്ദാനങ്ങളും കൊള്ളാം; പക്ഷേ, പ്രവൃത്തിയാണു പ്രധാനം.

ദുരിതബാധിതരുടെ പുനരധിവാസം എങ്ങുമെത്തിയിട്ടില്ല. കരയാൻ കണ്ണീരുപോലുമില്ലാത്ത അവരെ തെരുവിലിറക്കി സമരത്തിനു പ്രേരിപ്പിക്കുന്നത് ഉരുൾപൊട്ടലിനു സമമോ അതിലുപരിയോ ആയ ദുരന്തമായിരിക്കുമെന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഓർമിക്കുന്നതു നല്ലതാണ്. ആവിയാകുന്ന വാഗ്ദാനപ്പെരുമഴകളും കണക്കു പറഞ്ഞുള്ള സർക്കാർകളികളും നിർത്തിവച്ച്, സാങ്കേതികത്വവും തൊടുന്യായങ്ങളും ആവർത്തിച്ചു വിസ്തരിക്കുന്നതിനുപകരം, കരുണയും നീതിയുമുള്ള ഒരു സർക്കാർനയം രാജ്യത്തുണ്ടായേ പറ്റൂ.

രാജ്യത്തെ ദുരന്തനിവാരണനിയമങ്ങളിലും ചട്ടങ്ങളിലും യുക്തിസഹവും മനുഷ്യത്വപൂർണവുമായ ഭേദഗതികൾ ആവശ്യമായിരിക്കേ, അത്തരമൊരു പൊളിച്ചെഴുത്തിനു ഭരണകൂടം തയ്യാറാകണം. കരയുന്നവന്റെ കണ്ണീരൊപ്പാനുള്ള കാരുണ്യനിയമത്തിലേക്കു രാജ്യം എത്തിച്ചേരുന്ന കാലം വിദൂരമല്ലെന്ന് നമുക്കു പ്രത്യാശിക്കാം.

■

# പാലായ്ക്ക് അഭിമാനമായി സി. സി. ഐ. ദേശീയസമ്മേളനം




*പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ ദേശീയസമ്മേളനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ (സിസിഐ) പതിനഞ്ചാമത് ദേശീയസമ്മേളനം പാലായിൽ സമാപിച്ചു. മൂന്നു ദിവസങ്ങളിലായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സമ്മേളനത്തിൽ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ സഭകളിലെ വൈദികമേലധ്യക്ഷന്മാർ, വൈദികർ, സന്ന്യസ്തർ, അല്മായർ എന്നിവരുടെ പ്രതിനിധികൾ സംബന്ധിച്ചു. 'ഇന്ത്യയിലെ സാമൂഹികരാഷ്ട്രീയപശ്ചാത്തലത്തിൽ അല്മായരുടെ സവിശേഷപങ്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരുന്നു ഈ വർഷത്തെ സമ്മേളനം.

നവംബർ 15ന് വൈകുന്നേരം അഞ്ചു മണിക്ക് ലത്തീൻക്രമത്തിലുള്ള വിശുദ്ധ കുർബാനയോടെയായിരുന്നു സമ്മേളനത്തിന്റെ തുടക്കം. സമ്മേളനത്തിൽ സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു.

ഭരണഘടനയിൽ വിശ്വസിക്കുന്നതിനോടൊപ്പം മതപരമായ വിശ്വാസത്തിലും ഉറച്ചുനിൽക്കണമെന്നും നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നതിനു മടികാണിക്കരുതെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

മൂന്നു ദിനങ്ങളിലായി നടന്ന സമ്മേളനത്തിൽ മുനമ്പത്തും മണിപ്പുരിലും ക്രൈസ്തവസമൂഹം നേരിടുന്ന പ്രതിസന്ധി ഗൗരവപൂർവമായ ചർച്ചയ്ക്കു വിധേയമായി. ഭരണഘടനാപരമായ മൂല്യങ്ങൾ പ്രചരിപ്പിക്കൽ, വിശ്വാസികളുടെ സജീവപങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ, മീഡിയയും നിയമപരമായ പിന്തുണയും ശക്തിപ്പെടുത്തൽ, ഭരണഘടനാപരമായ അവകാശങ്ങൾ, ദളിത് ക്രിസ്ത്യാനികളുടെ നിയമസുരക്ഷ, ന്യൂനപക്ഷ സമുദായങ്ങളുടെ ആശങ്കകൾ, സൃഷ്ടിയുടെ സംരക്ഷണം എന്നിവയായിരുന്നു വിവിധ ചർച്ചകളിലെ പ്രധാനവിഷയങ്ങൾ.


മുംബൈ ആർച്ചുബിഷപ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ചങ്ങനാശേരി മെത്രാപ്പോലീത്താ ആർച്ചുബിഷപ് മാർ തോമസ് തറയിൽ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സി.ബി.സി.ഐ. വൈസ് പ്രസിഡന്റ് ബിഷപ് ജോസഫ് മാർ തോമസ്, കണ്ണൂർ ബിഷപ് റവ. ഡോ. അലക്സ് വടക്കുംതല, കെസിബിസി വൈസ് പ്രസിഡന്റ് മാർ പോളി കണ്ണൂക്കാടൻ, സിസിബിഐ ലെയ്റ്റി കമ്മീഷൻ പ്രസിഡന്റ് ബംഗളൂരു ആർച്ചുബിഷപ് പീറ്റർ മച്ചാഡോ, ഫ്രാൻസിസ് ജോർജ് എം.പി., ജോസ് കെ മാണി എം.പി., മാണി സി. കാപ്പൻ എംഎൽഎ, സി.സി.ഐ. സെക്രട്ടറി ഫാ. എ.ഇ. രാജു അലക്സ്, സിസിഐ വൈസ് പ്രസിഡന്റുമാരായ ആന്റൂസ് ആന്റണി, ക്ലാര ഫെർണാണ്ടസ്, സിആർഐ ദേശീയ സെക്രട്ടറി സി. എൽസ മുട്ടത്ത്, സിബിസിഐ ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ഷെവ. അഡ്വ. വി. സി. സെബാസ്റ്റ്യൻ, പി.ജെ. തോമസ് ഐ.എ.എസ്., ചാക്കോ കാളംപറമ്പിൽ, ഡോ. മാത്യു സി.ടി., ഡോ. തരകൻ, സാബു ഡി മാത്യു, ഫാ. ജോസ് തറപ്പേൽ, സിസിഐ സെൻട്രൽ എക്സിക്യൂട്ടീവംഗം മോൺ. ജോളി വടക്കൻ എന്നിവർ മൂന്നു ദിനങ്ങളിലായി നടന്ന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

## പ്രണാമം



ദീപനാളത്തിന്റെ പ്രാരംഭകാലം മുതൽ കാൽനൂറ്റാണ്ടോളം പത്രാധിപരായിരുന്ന ശ്രീ. ദേവസ്യാ അഞ്ഞൂറ്റിമംഗലം സാർ അന്തരിച്ചിട്ട് നവംബർ 26 ന് ഇരുപത്തഞ്ചുവർഷം പൂർത്തിയാകുന്നു. അദ്ദേഹത്തിന്റെ ഓർമകൾക്കുമുമ്പിൽ ദീപനാളം കുടുംബാംഗങ്ങളുടെ ആദരപൂർവകമായി പ്രണാമം!

## സ്മരണാഞ്ജലി



ദീപനാളത്തിന്റെ സ്ഥാപകപിതാവും പാലാ രൂപതയുടെ പ്രഥമമെത്രാനുമായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി ദിവംഗതനായിട്ട് നവംബർ 21 ന് 38 വർഷം പൂർത്തിയാകുന്നു. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കു മുമ്പിൽ ദീപനാളം കുടുംബാംഗങ്ങളുടെ ആദരപൂർവകമായ കൂപ്പുകൈ!


ബാലനോവൽ 6

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**കൂ**ർത്തുമൂർത്ത പാറക്കെട്ടുകളുടെ മീതേ ഉറച്ച കാലടികൾവച്ച് ഓരോ കൈയിലും ഓരോ കരിനാഗത്തെയുംപിടിച്ച് ഒരു രൂപം മുന്നോട്ടുവരുന്നു. ഒറ്റനോട്ടത്തിൽ ആരെയും ഭയപ്പെടുത്തുന്ന മുഖഭാവം. മുന്നോട്ടുന്തിയ രണ്ടു പല്ലുകൾ. ചുവന്നു കലങ്ങിയ ക്രുദ്ധമായ രണ്ടു കണ്ണുകൾ. ഒത്ത ഉയരം. അതി



നൊത്ത വണ്ണവുമുണ്ട്. വലുപ്പമേറിയ പാദങ്ങൾ. അവർ നോക്കിനിൽക്കേ കാവൽക്കാരൻ പെട്ടെന്ന് ഓടിച്ചെന്ന് സർപ്പകാലന്റെ കാൽതൊട്ടു വന്ദിച്ചു. പിന്നെ എല്ലാ കാര്യവും ഒറ്റശ്വാസത്തിൽ പറഞ്ഞുകേൾപ്പിച്ചു. അതുകേട്ട് ഒരു നിമിഷം സർപ്പകാലൻ അന്തിച്ചുനിന്നു. ആ മുഖം വിവർണമായി. ആ കണ്ണുകൾ വീണ്ടും ചുവന്നു. സർപ്പകാലൻ വല്ലാതെ അസ്വസ്ഥനായി. പെട്ടെന്ന് ഫണമുയർത്തിനിന്ന സർവസർപ്പങ്ങളും തലതാഴ്ത്തി. സർപ്പകാലന് എന്തോ സംഭവിച്ചിരിക്കുന്നതുപോലെ കാവൽക്കാരനു തോന്നി. ഒരിക്കലും കാണാത്ത ഒരു കഠിനദുഃഖം ആ മുഖത്ത് പടർന്നുപന്തലിക്കുന്നു. ജീവിതത്തിലാദ്യമായി സർപ്പകാലൻ കരയാൻ തുടങ്ങുന്നതുപോലെ. ആ കണ്ണുകൾ നിറയുന്നതുപോലെ. "അവിടുന്ന് എന്തിനാണിങ്ങനെ വിഷമിക്കുന്നത്? അതിനു തക്ക കാര്യങ്ങളൊന്നും കാണുന്നില്ലല്ലോ.'' അയാൾ പറഞ്ഞു: "ഒന്നുമില്ല." പെട്ടെന്ന് വലതുകൈയിലിരുന്ന കരിനാഗത്തെ ഒരു പാറയുടെ മുകളിലേക്ക് ആഞ്ഞെറിഞ്ഞു. അത് വലിയൊരു സീൽക്കാരത്തോടെ കല്ലുകൾക്കിടയിലൂടെ ഇഴഞ്ഞു നീങ്ങി.

വീണ്ടും സർപ്പകാലൻ അസ്വസ്ഥനായി. ആ മനസ്സിൽ ആരോടൊക്കെയോ ഒരു കനത്ത പ്രതികാരജ്വാലയുയർന്നു.

ആ മുഖം വീണ്ടും ഭയാനകമായി. പല്ലുകൾ കടിച്ചു ഞെരിച്ചു. പിന്ന അത്യുച്ചത്തിൽ അലറി: "എന്നെ അവൻ വഞ്ചിച്ചു. അവനെ ഞാൻ..."

അയാൾ വലിയൊരു പാറക്കല്ലെടുത്ത് താഴേക്ക് ആഞ്ഞെറിഞ്ഞു. അത് വലിയൊരു ശബ്ദത്തോടെ താഴേക്കുരുണ്ടു പുഴയിലെ വെള്ളത്തിലേക്കു വീണു.

ആ രംഗം കണ്ട് കാവൽക്കാരനും രാജദൂതനും ഭടന്മാരുമെല്ലാം ഞെട്ടിത്തെറിച്ചതുപോലെ നിന്നു.

അടുത്തനിമിഷം സർപ്പകാലൻ അരക്കെട്ടിലെ ഭാണ്ഡത്തിൽനിന്നു തന്റെ സർപ്പവടി കൈയിലെടുത്തു. പിന്നെ ഇടതുകൈയിലെ പാമ്പിനെ കറക്കി ആകാശത്തേക്കെറിഞ്ഞു. അത് സമീപത്തുള്ള ഒരു മരച്ചില്ലയിൽ അള്ളിപ്പിടിച്ചിരുന്നു.

"വരൂ... നമുക്കു പോകാം." അയാൾ മെല്ലെ കുതിരവണ്ടിയുടെ സമീപത്തേക്കു നടന്നടുത്തു.

അത്രയും നേരം അവിടെ ഫണമുയർത്തിനിന്നിരുന്ന കരാളസർപ്പങ്ങൾ ഒന്നൊന്നായി മലമുകളിലേക്ക് ഇഴഞ്ഞുകയറി.

അയാൾ സാവധാനം കുതിരവണ്ടിയിൽ കയറി. രാജദൂതൻ സർപ്പകാലന്റെ സമീപം ഇരുന്നു. മറ്റു ഭടന്മാരെല്ലാം മറ്റൊരു കുതിരവണ്ടിയിലും കയറി.

"ഉം, പോകട്ടെ.'' അയാൾ കുതിരക്കാരന് അനുവാദം നൽകി. പിന്നെ കുതിരകൾ രാജകൊട്ടാരം ലക്ഷ്യമാക്കി പാഞ്ഞു. വഴിയോരത്തുള്ളവർ വിസ്മയഭരിതരായി ആ യാത്ര നോക്കിനിന്നു. ചുരുക്കം ചിലർക്ക് അപ്പോഴും കാര്യമെന്താണെന്നു പിടികിട്ടിയില്ല. അവർ മറ്റുള്ളവരോടു വിവരങ്ങൾ തിരക്കി.

കുതിരവണ്ടി കൊട്ടാരമുറ്റത്തെത്തുമ്പോൾ കൊട്ടാരവും പരിസരവും വലിയൊരു ജനസഞ്ചയംകൊണ്ടു നിറഞ്ഞിരുന്നു. സർപ്പകാലനെ കാണാനായിരുന്നു ഭൂരിഭാഗംപേരും അവിടെയെത്തിയിരുന്നത്. വളരെ അപൂർവമായിട്ടേ സർപ്പകാലൻ കുന്നിൻമുകളിൽനിന്നു പുറത്തു വരാറുള്ളൂ. ജീവിതത്തിൽ ആകെ രണ്ടോ മൂന്നോ പ്രാവശ്യമേ കാലൻ നാട്ടിലെത്തിയിട്ടുള്ളൂ. അസാധാരണമായ എന്തെങ്കിലും സംഭവിച്ചെങ്കിൽമാത്രമേ പുറത്തിറങ്ങാറുള്ളൂ. ബാക്കിസമയം അത്യാവശ്യമെങ്കിൽ തന്റെ ശിഷ്യന്മാരെമാത്രമേ പറഞ്ഞയയ്ക്കുകയുള്ളൂ.

സർപ്പകാലൻ നേരിട്ടെത്തിയത് രാജ്യത്തെ പ്രജകളെ അത്യന്തം മുൾമുനയിൽ നിറുത്തി. എന്താണു സംഭവിക്കുന്നതെന്നറിയാതെ ജനം അമ്പരന്നുനിന്നു.

പലരും പല അഭിപ്രായങ്ങളും പറഞ്ഞു. രാജാവിനെ ദംശിച്ച സർപ്പത്തെ കാലൻ നിഷ്കരുണം വടി നിലത്തടിച്ചു കൊല്ലുമെന്നും അതല്ല, അതിനെ ജീവനോടെ തന്നെ പിടിച്ചു മലമുകളിലെ തന്റെ സർപ്പവനത്തിലേക്കു കൊണ്ടുപോകുമെന്നും കുറേപ്പേർ വിശ്വസിച്ചു.

കുതിരകൾ കൊട്ടാരമുറ്റത്തു വന്നുനിന്നു. ഭടന്മാർ വളരെ പണിപ്പെട്ടാണ് ജനക്കൂട്ടത്തെ നിയന്ത്രിച്ചത്. വണ്ടി നിന്നതേ കാർഫിയൂസ് വാവിട്ടുനിലവിളിച്ചുകൊണ്ട് സർപ്പകാലനെ തൊഴുതുനിന്നു.

സർപ്പകാലൻ മെല്ലെ കുതിരവണ്ടിയിൽനിന്നിറങ്ങി. പിന്നെ നിശ്ചലനായി നിന്ന് ചുറ്റും ഒന്നു കണ്ണോടിച്ചു. ആൾക്കൂട്ടത്തിനിടയിൽ ആരെയോ തിരയുന്നതുപോലെ.

"പ്രഭോ ഇനി ഞങ്ങൾ എന്തു ചെയ്യണം? മുറി അകത്തുനിന്നു പൂട്ടിയിരിക്കുകയാണ്." അടുത്ത നിമിഷം അലറുന്ന സ്വരത്തിൽ അയാൾ ചോദിച്ചു: "താങ്കളുടെ ഇളയകുമാരനെവിടെ?"

ഒരു ഭടൻ ഓടി വന്നു പറഞ്ഞു:

"പ്രഭോ... പിതാവു മരിച്ചതിന്റെ ദുഃഖം സഹിക്കാനാകാതെ കരഞ്ഞുതളർന്ന് അകത്തു കിടക്കുകയാണ്."

"ഈ മുറിക്കുള്ളിൽ സർപ്പം എങ്ങനെ കയറി?"

ആർക്കും മറുപടിയില്ല. എല്ലാവരും അന്യോന്യം നോക്കി. ഒന്നും പറയാൻ കഴിയുന്നില്ല.

സർപ്പകാലൻ മെല്ലെ അടഞ്ഞ മുറിയുടെ വാതിൽക്കലെത്തി. പിന്നെ കൈയിലിരുന്ന മാന്ത്രികവടി തറയിൽ ആഞ്ഞടിച്ചു. പെട്ടെന്ന് അകത്തുനിന്നു സർപ്പത്തിന്റെ പിടച്ചിലുകളും സീൽക്കാരശബ്ദങ്ങളും ഉയർന്നു. ചുറ്റുംനിന്നവർ ഭയന്നു പിറകോട്ടു ഓടിമാറി.

(തുടരും)



കുടുംബവിളക്ക് 46

ഫാ. തോമസ് പാട്ടത്തിൽചിറ CMF

## മാലിന്യം

**മാ**ലിന്യങ്ങളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങൾ കുടുംബങ്ങളിലുണ്ടാവണം. വീട്ടിലും പരിസരങ്ങളിലുമൊക്കെ നാനാവിധത്തിലുള്ള മാലിന്യങ്ങളുണ്ടാവുക സാധാരണമാണ്. പാഴ്‌വസ്തുക്കളും ഉച്ഛിഷ്ടങ്ങളും മറ്റും അവിടെയുമിവിടെയും വലിച്ചെറിയാതിരിക്കാൻ എല്ലാവരുമൊന്നുപോലെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. വീട്ടുവളർപ്പിൽത്തന്നെ മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഒരുക്കുകയോ അതിനു സൗകര്യമില്ലാത്തവർ സർക്കാർ നടപ്പാക്കിയിട്ടുള്ള ഇതരമാർഗങ്ങൾ പ്രയോജനപ്പെടുത്തുകയോ വേണം. വീട്ടിലെ മാലിന്യങ്ങൾ അടുത്ത പറമ്പിലോ തോട്ടിലോ നദിയിലോ നടപ്പാതയിലോ ഒക്കെ നിക്ഷേപിക്കുക എന്ന തികച്ചും സംസ്കാരരഹിതമായ ശൈലി നാം ഉപേക്ഷിച്ചേ തീരൂ.

മാലിന്യങ്ങൾ പല രോഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും എന്നതുകൊണ്ടുതന്നെ അവയെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാനുള്ള നമ്മുടെ കടമ വളരെ വലുതാണ്. ഓർക്കണം, തെരുവുനായ്ക്കളുടെ എണ്ണവും അവയുടെ ആക്രമണങ്ങളും പ്രതിദിനം വർധിക്കുന്നതിന്റെ മൂലകാരണം പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും മനുഷ്യർ ഉപേക്ഷിക്കുന്ന ഭക്ഷണാവശിഷ്ടങ്ങളാണ്. തെരുവ് വെടിപ്പുള്ളതാണെങ്കിൽ തെരുവുനായ്ക്കളും അവയുടെ ശല്യങ്ങളും കുറയും. നാടും നഗരവും ആറും ആഴിയും പുഴയും വഴിയും വായുവും വെള്ളവും ഇന്ന് ഒരുപോലെ മലിനമാണ്. മനുഷ്യന്റെ 'വലിച്ചെറിയൽവ്യാധി' മണ്ണിനെ മാലിന്യമിശ്രിതമാക്കുന്നു. മൂക്കുപൊത്താതെ നടക്കാൻ പറ്റുന്ന ഇടങ്ങൾ ഇന്നു വിരളം.

ഓർക്കാം, മണ്ണിനെയും മാനത്തെയും മലിനമാക്കുന്ന വസ്തുക്കളുടെ ഉപയോഗം ക്രമേണ കുറയ്ക്കാനുള്ള ആദ്യചുവടുകൾ വീട്ടുമുറ്റത്തുനിന്ന് ആരംഭിക്കാം. വീടിന്റെ അകവും പുറവും ചുറ്റുപാടും കൂടുതൽ വെടിപ്പുള്ളതായി സൂക്ഷിക്കാൻ കുടുംബാംഗങ്ങൾ പരസ്പരം മത്സരിക്കണം. ആഴ്ചയിൽ ഒരു ദിവസമെങ്കിലും വീട്ടിലെ ശുചീകരണകർമങ്ങൾക്കായി മാറ്റിവയ്ക്കുന്നത് ഉത്തമമാണ്. ഒപ്പം, മനസ്സിനെയും ആത്മാവിനെയും കളങ്കപ്പെടുത്തുന്ന പാപമാലിന്യങ്ങളിൽനിന്നു വിമുക്തരാകാം. നമ്മുടെ വീട്ടിലെ പാഴ്‌വസ്തുക്കൾക്ക് നാംമാത്രമാണ് ഉത്തരവാദികൾ. നാട് മലിനമായി നാറുന്നതിനു നമ്മുടെ വീട് കാരണമാകരുത് എന്നു നാം നിർബന്ധം പിടിച്ചാൽമാത്രമേ ശുചിത്വസുന്ദരമായ ലോകം പടുത്തുയർത്താൻ പറ്റൂ. മാലിന്യമുക്തഭവനമാണ് മാലിന്യമുക്തഭുവനം.

*'ശരീരത്തിന്റെയും ആത്മാവിന്റെയും എല്ലാ അശുദ്ധിയിലുംനിന്നു നമ്മെ ശുചീകരിക്കാം' (2 കൊറി. 7:1)*

കവിത

ജോർജുകുട്ടി താവളം

## സന്തുഷ്ടരാവാം

എന്നുമാനന്ദത്തിൽ വാഴണമെന്നതു
മന്നിലെ മർത്ത്യർതന്നാശയല്ലേ
ജീവിതം സ്വർഗസമാനമാക്കീടുവാ-
നാവുന്നതൊക്കെയും ചെയ്തിടുന്നു.
വിത്തമുണ്ടാക്കുവാൻ നേരാംവഴികളി-
ലധ്വാനിക്കുന്നവരേറെയില്ലേ.
കൊള്ളചെയ്തൊട്ടേറെയുണ്ടാക്കിടും ചിലർ
കള്ളത്തരംകൊണ്ടു മറ്റനേകർ.
പുഞ്ചിരിയോടെത്തി ശുദ്ധമനസ്കരെ
വഞ്ചിച്ചു സമ്പത്തു നേടിടുന്നോർ
ഉന്നതസ്ഥാനത്തണഞ്ഞാലതു ധനം
കുന്നുകൂട്ടാൻ വഴിയാക്കിടുന്നോർ
എന്തുചെയ്തും പണം നേടി മനസ്സിനെ
സന്തുഷ്ടമാക്കാൻ ശ്രമിച്ചിടുന്നോർ
മദ്യവും മറ്റു ലഹരികൾമൂലവു-
മത്യന്തമാനന്ദമാഗ്രഹിപ്പോർ
മിക്കവർക്കും ലഭിക്കുന്നില്ല തുഷ്ടിയും
സൗഖ്യവുമെന്നതോ നഗ്നസത്യം
സ്വന്തം സുഖം മാത്രമാഗ്രഹിപ്പോർക്കില്ല-
യന്ത്യംവരെ ശാന്തി ഭൂതലത്തിൽ.
ആനന്ദമന്യർക്കരുളുന്ന കൃത്യങ്ങ-
ളൂനമില്ലാതെ നാം ചെയ്തിടുമ്പോൾ
കിട്ടും സുഖം സമാധാനവുമെന്നതി-
ലൊട്ടുമാശങ്കപ്പെടേണ്ടതില്ല.

നോവൽ 22



# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചുകഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ കാണുന്നത് സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടുപോകാൻ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തു മാറ്റാനുള്ള സർജറിക്കു പണം കൊടുക്കാമെന്ന് ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചു കൊടുത്ത്, സർജറി നടത്തി മുടന്തു മാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് സന്തോഷിച്ചു. എന്നാൽ, ഭർത്താവറിയാതെ ഗർഭച്ഛിദ്രം നടത്തി വർഷ. ബാത്റൂമിൽ വീണ് ഗർഭം അലസി എന്നവൾ ജയേഷിനോടു നുണ പറഞ്ഞു. ഒരു രാത്രി പെയ്ത മഴയിൽ വീടിനു സമീപം നിന്ന മരം കടപുഴകി വീണ് സിസിലി മരിച്ചു. എൽസ ഒറ്റപ്പെട്ടു. ഡോക്ടർ മനു അവൾക്ക് തന്റെ ആശുപത്രിയിൽ ജോലി കൊടുത്തു. എൽസയെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന കാര്യം ഡോക്ടർ മനു അമ്മയോടു പറഞ്ഞു. അമ്മയുടെ നിർദേശപ്രകാരം ഒരു ദിവസം എൽസയെ മനു തന്റെ വീട്ടിൽ കൊണ്ടുചെന്നു. എൽസയുടെ സംസാരവും പെരുമാറ്റവും മനുവിന്റെ വീട്ടുകാർക്ക് ഇഷ്ടമായി.

(തുടർന്നു വായിക്കുക)

രാവിലെ കുളി കഴിഞ്ഞ് വേഷം മാറിയിട്ട് വർഷ ഭക്ഷണം കഴിക്കാനായി ഡൈനിങ് റൂമിലേക്കു വന്നു. കൈകഴുകി ഡൈനിങ് ടേബിളിനരികിൽ കസേരയിൽ ഇരുന്നിട്ട് അവൾ പ്ലേറ്റിൽ ഇഡ്ഡലി എടുത്തിട്ട് മീതെ ചട്ണി ഒഴിച്ചു.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അടുക്കളയിൽനിന്ന് സൂസമ്മ അങ്ങോട്ടുവന്നു.

“മോളേ, അടുത്ത പത്താംതീയതി പ്രിയമോളുടെ കുഞ്ഞിന്റെ ബർത്ഡേയാണ്. എല്ലാരും ചെല്ലണമെന്നു പറഞ്ഞിട്ടുണ്ട്. അന്നു മോൾക്കു ലീവെടുക്കാൻ വയ്യേ?”

“എടുക്കാം അമ്മേ! ജയേഷ് എന്നോടു പറഞ്ഞിരുന്നു.”

“ഇന്നോ നാളെയോ പ്രിയ മോള് നേരിട്ടു വിളിച്ചുപറയും.”

“പറഞ്ഞില്ലെങ്കിലും ഞാൻ വരാം അമ്മേ.”

സൂസമ്മയ്ക്കു സന്തോഷമായി. ജയേഷിന്റെ സഹോദരിയാണ് പ്രിയ.

“ഒരിഡിലികൂടി കഴിക്കൂ മോളേ. ഇല്ലേൽ ഉച്ചയാകുമ്പോഴേക്കും വിശക്കും.”

സൂസമ്മ ഒരു ഇഡ്ഡലികൂടി അവളുടെ പ്ലേറ്റിലേക്ക് എടുത്തിട്ടിട്ട് മീതെ ചട്ണി ഒഴിച്ചു കൊടുത്തു.

തിടുക്കത്തിൽ ഭക്ഷണം കഴിച്ച് എണീറ്റ് കൈകഴുകിയിട്ട് വർഷ പുറത്തേക്കിറങ്ങി സ്കൂട്ടറിൽ കയറി പാഞ്ഞുപോയി.

ഓഫീസിൽ, ഉച്ചയ്ക്കുള്ള ഇടവേളയിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ദീപക് അടുത്തേക്കു വന്നു.

“ഹായ്... വർഷ.”

“ഹായ്...”

വർഷയുടെ സമീപം കസേര വലിച്ചിട്ട് ഇരുന്നിട്ട് ദീപക് വർഷയെ ആപാദചൂഡം ഒന്നു നോക്കിയിട്ട് പറഞ്ഞു.

“ഈ ഡ്രസ് നന്നായിട്ടു ചേരും കേട്ടോ. ഇപ്പം കൂടുതൽ ബ്യൂട്ടിഫുൾ ആയി.”

താങ്ക്യൂ.” വർഷ ഒരു മുഴം ഉയർന്നു.

“ഹസിന്റെ സെലക്ഷനാണോ?”

“ഓ... ഹസ്! പുള്ളിക്കാരൻ ഒന്നു നോക്കുകപോലുമില്ല. ഞാനിത്തിരി മോഡേൺ ഡ്രസു ധരിച്ചാൽ അയ്യോ നാലാളു കാണുമ്പം മോശമാ, വേറെ ധരിക്കെന്നു പറഞ്ഞു മാറ്റി ധരിപ്പിക്കുന്ന കക്ഷിയാ.”



“ആളൊരു പഴഞ്ചനാന്ന് അർഥം.”

“പഴഞ്ചനെന്നല്ല, അറുപഴഞ്ചൻ. ഒരു പുതിയ ഡ്രസു ധരിച്ചു മുമ്പിൽ വന്നു നിൽക്കുമ്പം ഏതൊരു ഹസും, ങ്ഹാ... കൊള്ളാം ബ്യൂട്ടിഫുൾ ആയിരിക്കുന്നൂന്ന് പറയില്ലേ! ഇതു കണ്ട ഭാവം നടിക്കില്ല. പുതിയതാണോന്നുപോലും പുള്ളിക്കാരനറിഞ്ഞൂടാ.”

“ഒട്ടും റൊമാന്റിക്കല്ലെന്നു ചുരുക്കം.”

“സത്യം. അച്ചനാകാൻ പോകേണ്ട ആളായിരുന്നു. കാലക്കേടിന് എന്റെ തലേലായി.” അതു പറഞ്ഞിട്ട് അവൾ ചിരിച്ചു.

“ബുദ്ധിജീവിയാണോ?”

“ഏയ്. ബുദ്ധിജീവിയൊന്നുമല്ല. ഒരു മിണ്ടാമൂളി. അമ്മയുടേം അപ്പന്റേം കാൽച്ചുവട്ടിൽ കഴിയുന്ന ഒരു സാധുമനുഷ്യൻ. അമ്മ പറയുന്നതിനപ്പുറം ഒരു ചുവടുവയ്ക്കില്ല പുള്ളിക്കാരൻ. ഒട്ടും മോഡേണല്ല. പുറത്തു പോയി നല്ല ഫുഡ് കഴിക്കണമെന്നോ, ഔട്ടിങ്ങിനു പോയി അടിച്ചുപൊളിക്കണമെന്നോ, ഒരു സിനിമയ്ക്കു പോകണമെന്നോ ഒന്നും ആഗ്രഹമില്ലാത്ത ഒരു മനുഷ്യൻ. എന്റെ ചിന്താഗതിയുമായി ഒട്ടും ചേർന്നുപോകാൻ പറ്റാത്ത ഒരാൾ. ദൈവം അതിനെ എന്റെ കൈയിലേക്കു പിടിച്ചുതന്നു. ഞാനോർക്കാറുണ്ട് ദൈവം എന്തിനാ ഈ ചേരാത്തതിനെ പിടിച്ചു ചേർത്തു വയ്ക്കുന്നതെന്ന്. പരസ്പരം തല്ലു കൂടുന്നതു കണ്ടു രസിക്കാനായിരിക്കും.” അതു പറഞ്ഞിട്ട് അവൾ ചിരിച്ചു.

“അപ്പം തല്ലു തുടങ്ങിയോ?”

“ഏയ്, അത്രയ്ക്കങ്ങട് ആയിട്ടില്ല.”

“അതൊക്കെ എന്നെ കണ്ടുപഠിക്കണം. വൈഫിനെ സന്തോഷിപ്പിക്കുന്നതിൽ ഞാൻ അഗ്രഗണ്യനാ. അവളെപ്പഴും പറയും നല്ല റൊമാന്റിക്കായ ഹസ്ബൻഡിനെയാണ് കിട്ടിയതെന്ന്. അവൾ എപ്പം പുതിയ ഡ്രസ് ധരിച്ചുവന്നോ അപ്പം പറയും ഉഗ്രൻ. ഇപ്പം കൂടുതൽ സുന്ദരിയായി എന്ന്. കേൾക്കുന്ന അവൾക്കും സന്തോഷം പറയുന്ന എനിക്കും സന്തോഷം! പെണ്ണുങ്ങളുടെ സൈക്കോളജി അറിയാവുന്നതുകൊണ്ട് ആ രീതിയിൽ സുഖിപ്പിച്ചും സന്തോഷിപ്പിച്ചും ഞാനങ്ങു പോകുന്നു.”

“ദീപക്കിന്റെ വൈഫ് ഭാഗ്യവതിയാ.”

“ഒരു കാര്യം ചെയ്യാം. ഈ ബോറടി മാറ്റാൻ നാളെ നമുക്കൊരു സിനിമയ്ക്കു പോയാലോ?” ദീപക് ഒരടവ് പ്രയോഗിച്ചു.

“നമ്മളു രണ്ടും തനിച്ചോ?”

“അതിനെന്താ? മുമ്പ് നമ്മളു പോയിട്ടുണ്ടല്ലോ!”

“അതു ചെന്നൈയിലായിരുന്നപ്പോഴല്ലേ? അതുമല്ല, അന്ന് എന്റെ കല്യാണം കഴിഞ്ഞിരുന്നില്ലല്ലോ.”

“കല്യാണം കഴിച്ച ഒരു സ്ത്രീ ഒരു സഹപ്രവർത്തകന്റെ കൂടെ ഒരു സിനിമയ്ക്കു പോകുന്നത് പാപമാണോ?”

“പാപമല്ല; പക്ഷേ, ഹസ്ബന്റ് അറിഞ്ഞാൽ...”

“പോകാൻ പറയണം. താൻ കൊണ്ടുപോകാത്തതുകൊണ്ടല്ലേ സഹപ്രവർത്തകന്റെ കൂടെ പോയതെന്നു പറയണം.”

വർഷ ചിരിച്ചതേയുള്ളൂ.

“ജീവിതം ഒന്നേയുള്ളൂ. അതടിച്ചുപൊളിച്ചു ജീവിക്കണം. അല്ലാതെ ഹസ്ബന്റിന്റെ തടവറയിൽ കിടന്നു ജീവിതം കളയേണ്ടവളല്ല സ്ത്രീ. ഞാൻ നാളത്തേക്ക് രണ്ടു ടിക്കറ്റ് ബുക്കുചെയ്യുവാ. വർഷ വരുന്നില്ലെങ്കിൽ ഒരെണ്ണത്തിന്റെ കാശ് പൊക്കേട്ടേന്നു വയ്ക്കും.”

അതു പറഞ്ഞിട്ട് ദീപക് എണീറ്റ് വേഗം പുറത്തേക്കിറങ്ങി.

വർഷ ധർമസങ്കടത്തിലായി. എന്തു ചെയ്യണം? നല്ലൊരു സുഹൃത്താണ് ദീപക്. സന്തോഷവും സങ്കടവും പങ്കിടാൻ പറ്റിയ നല്ല സഹപ്രവർത്തകൻ. ചെന്നൈയിലായിരുന്നപ്പോൾ നല്ല സൗഹൃദത്തിലായിരുന്നു. പിന്നീട് എറണാകുളത്തിനു ട്രാൻസ്ഫറായപ്പോൾ അടുപ്പം കുറഞ്ഞു. ഇപ്പോൾ ദീപക്കും എറണാകുളത്തിനു വന്നിരിക്കുന്നു. പഴയ സൗഹൃദം അതേപടി തുടരണോ? വർഷ ആലോചിച്ചു. താൻ വിവാഹിതയായ ഒരു സ്ത്രീയല്ലേ? ജയേഷ് അറിഞ്ഞാൽ തെറ്റിദ്ധരിക്കില്ലേ? ദീപക്കിനെ പിണക്കാനും മനസ്സു വരുന്നില്ല.

ഏറെ ആലോചിച്ചതിനുശേഷം അവൾ ഒരു തീരുമാനമെടുത്തു. പോകാം. ജയേഷ് അറിയണ്ടാ. കല്യാണം കഴിഞ്ഞ എത്രയോ പെണ്ണുങ്ങൾ സഹപ്രവർത്തകർക്കൊപ്പം സിനിമയ്ക്കും ഉല്ലാസയാത്രയ്ക്കും പോകുന്നു. പഴയ കാലമല്ലല്ലോ ഇത്. ജയേഷ് ഒരു നല്ല ഭർത്താവായിരുന്നെങ്കിൽ എല്ലാ ആഴ്ചയും തന്നെ സിനിമയ്ക്കു കൊണ്ടുപോയേനെ. ദീപകിന് ഇങ്ങനൊരു ചോദ്യത്തിന് സാഹചര്യമേ ഉണ്ടാകുമായിരുന്നില്ല.

പിറ്റേന്ന് ഉച്ചയായപ്പോൾ ദീപക് വർഷയെ മൊബൈലിൽ വിളിച്ചു.

“അപ്പം എങ്ങനാ, സിനിമയ്ക്കു വരുവല്ലേ? രണ്ടു ടിക്കറ്റ് എടുത്തിട്ടുണ്ട്.”

“ഞാൻ വരണോ ദീപക്?”

“വരണം. എന്നോടു സ്നേഹമുണ്ടെങ്കിൽ വരണം. ഇല്ലെങ്കിൽ വേണ്ട.”

“ശരി. വരാം. എന്നെ ഒരുപാട് ഹെൽപ് ചെയ്തിട്ടുള്ള ആളല്ലേ. വിളിച്ചാൽ വരാണ്ടിരിക്കാൻ പറ്റില്ലല്ലോ.”

“അപ്പോ ഉച്ചകഴിഞ്ഞ് ഹാഫ് ഡേ ലീവ്?”

“ഓക്കെ.”

വർഷ ഓർത്തു. എത്ര സ്നേഹമുള്ള സഹപ്രവർത്തകനാണ് ദീപക്. ഈ സ്നേഹത്തിന്റെ നാലിലൊന്ന് ജയേഷിനുണ്ടായിരുന്നെങ്കിൽ! നല്ലൊരു ഡ്രസ് ധരിച്ചാൽ ഒന്നഭിനന്ദിക്കാനോ വല്ലപ്പോഴുമൊന്നു സിനിമയ്ക്കു പോകാനോ ഒരു വിനോദയാത്രയ്ക്കു പോകാനോ താത്പര്യം കാണിക്കുന്നില്ലല്ലോ ജയേഷ്. ദീപക് എത്ര ജോളിയാണ്! അടുത്തിരുന്നാൽ ചിരിയും തമാശകളുമായി സമയം പോകുന്നതറിയുകയേയില്ല.

നഗരത്തിലെ തിയേറ്ററിൽ ദീപകിന്റെ തൊട്ടടുത്തിരിക്കുമ്പോൾ ഉള്ളിൽ ചെറിയൊരു ഭയമുണ്ടായിരുന്നു വർഷയ്ക്ക്. പരിചയക്കാർ ആരെങ്കിലും കണ്ടാൽ? ദീപക് വാ തോരാതെ സംസാരിച്ചുകൊണ്ടിരുന്നു. അവന്റെ തമാശകൾ ആസ്വദിക്കാവുന്ന ഒരു മാനസികാവസ്ഥയിലായിരുന്നില്ല വർഷ.

സിനിമ തുടങ്ങി. തിയേറ്ററിൽ ഇരുട്ടു പടർന്നു. ദീപക് വർഷയോടു ചേർന്നിരുന്നിട്ട് അവളുടെ കൈയിൽ മുറുകെപ്പിടിച്ചു. വർഷ കോരിത്തരിച്ചുപോയി. അവൾ കൈവലിച്ചില്ല.

സിനിമ തുടരുമ്പോൾ ദീപക് അവളുടെ കവിളിൽ ഒരു ചുംബനം നൽകി. പെട്ടെന്ന് വർഷ അയാളെ തട്ടിമാറ്റിയിട്ടു പറഞ്ഞു.

“നോ.”

“ഇഷ്ടമായില്ലേ?”

“ഇല്ല.”

ദീപക് കൈ വലിച്ചു. പിന്നീട് അയാൾ മൗനമായി ഇരുന്നതേയുള്ളൂ. വർഷയും ഒന്നും മിണ്ടാൻ പോയില്ല. എത്രയും വേഗം സിനിമ കഴിഞ്ഞാൽ മതിയെന്നായിരുന്നു അവൾക്ക്.

സിനിമ കഴിഞ്ഞിറങ്ങിയപ്പോൾ ദീപക് ചോദിച്ചു:

“ഞാൻ ചെയ്തത് തെറ്റായിപ്പോയീന്നു തോന്നുന്നുണ്ടോ?”

“ദീപക്കിന് ഒരു ഭാര്യയുണ്ട്. എനിക്കൊരു ഭർത്താവും. കല്യാണം കഴിഞ്ഞ സ്ഥിതിക്ക് നമുക്കിടയിൽ ചില അതിർവരമ്പുകളൊക്കെയുണ്ട്. അതു ലംഘിച്ച് ഒന്നും ചെയ്യാൻ പാടില്ല. ഒരു നല്ല സുഹൃത്ത് എന്നതിലപ്പുറം ഞാനൊന്നും ദീപക്കിൽനിന്നു പ്രതീക്ഷിച്ചിട്ടില്ല. അങ്ങനൊരാഗ്രഹവും ഇല്ല.”

ശേഷം 13-ാം പേജിൽ

# ലോകചെസ് കീരിടം തേടി ഡി. ഗുകേഷ്



കളിക്കളം

സനിൽ പി. തോമസ്



**വി**ശ്വനാഥൻ ആനന്ദിനു ശേഷം ഇന്ത്യയിൽനിന്നൊരു ലോക ചെസ്ചാമ്പ്യൻ പിറക്കുമോ? ലോക ചെസ്ചാമ്പ്യൻഷിപ് ഫൈനലിൽ, നിലവിലെ ചാമ്പ്യൻ, ചൈനയുടെ ഡിങ് ലിറനെതിരേ ധൊമ്മരാജു ഗുകേഷ് കരു നീക്കുമ്പോൾ ഇന്ത്യയുടെ പ്രതീക്ഷകളും ഉയരുകയാണ്. തമിഴ്നാട്ടിൽനിന്നുള്ള പതിനെട്ടുകാരൻ കിരീടം ചൂടിയാൽ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ലോകചാമ്പ്യനുമാകും. കാൻഡിഡേറ്റസ് ചെസിൽ കളിച്ച എട്ടുപേരിൽ മൂന്നുപേർ ഇന്ത്യക്കാരായിരുന്നു. ഒമ്പതു പോയിന്റ് നേടിയാണ് ഗുകേഷ് കാൻഡിഡേറ്റ്സ് ചാമ്പ്യനായത്. വിദ്യുത് ഗുജറാത്തിയും പ്രഗ്നാനനന്ദയുമാണ് മത്സരിച്ച മറ്റു രണ്ട് ഇന്ത്യക്കാർ.

സിങ്കപ്പൂരിൽ നവംബർ 25 മുതലാണ് ലോക ചെസ് ഫൈനൽ മത്സരങ്ങൾ നടക്കുന്നത്. ക്ലാസിക് ശൈലിയിൽ 14 ഗെയിമുകൾ. ജയിച്ചാൽ ഒരു പോയിന്റ്, സമനിലയ്ക്ക് അര പോയിന്റ്. ആദ്യം 7.5 പോയിന്റ് നേടുന്നയാൾ ലോകചാമ്പ്യൻ. 14 ഗെയിമിൽ ഫലം കണ്ടില്ലെങ്കിൽ ടൈബ്രേക്കർ. 2023 ഏപ്രിലിൽ, റഷ്യയുടെ യാൻ നിപോംനിഷിയെ പരാജയപ്പെടുത്തിയാണ് ഡിങ് ലിറൻ ലോകചാമ്പ്യനായത്. പുരുഷ ചെസിൽ ചൈനയിൽ നിന്നുള്ള ആദ്യ ലോകചാമ്പ്യൻ.

തീർത്തും ആകസ്മികമായിട്ടാണ് ലിറൻ ലോകകിരീടം ചൂടിയത്. കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ നിപോംനിഷി ഒന്നാമതും ലിറൻ രണ്ടാമതും എത്തി. ഇതോടെ അന്നത്തെ ലോകചാമ്പ്യന്റെ എതിരാളിയാകേണ്ടത് നിപോംനിഷിയായിരുന്നു. എന്നാൽ, ലോകചാമ്പ്യൻ മാഗ്നസ് കാൾസൻ മത്സരിക്കാൻ വിസമ്മതിച്ചു. ഇതോടെ കാൻഡിഡേറ്റ്സിലെ ഒന്നും രണ്ടും സ്ഥാനങ്ങൾ തമ്മിൽ മത്സരം നടത്തി. ഭാഗ്യം തുണച്ചത് ലിറനെയും.

ലിറന്റെ ശിരസ്സിലെ ലോക കിരീടത്തിനു തിളക്കം കുറവായിരുന്നെന്നു പറയാം. കാരണം, ഇപ്പോഴും ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസൻതന്നെ. പക്ഷേ, ലോകചെസിൽ ഇത് പുതിയ സംഭവമല്ല. ലോകം മുഴുവൻ ശ്രദ്ധിച്ച പോരാട്ടത്തിൽ 1972 ൽ ജയിച്ച അമേരിക്കയുടെ ബോബി ഫിഷർ കിരീടം നിലനിർത്താൻ പൊരുതിയില്ല. അനത്തോളി കാർപോവ് ലോകചാമ്പ്യനായപ്പോഴും ഗാരി കാസ്പറോവ് ആയിരുന്നല്ലോ ലോകത്തിലെ സൂപ്പർതാരം.

അഞ്ചുതവണ ലോകചാമ്പ്യനായ വിശ്വനാഥൻ ആനന്ദിനെ പരാജയപ്പെടുത്തിയാണ് 2013 ൽ മാഗ്നസ് കാൾസൻ ലോകചാമ്പ്യനാകുന്നത്. അപ്രതീക്ഷിതമായി ലോകചാമ്പ്യനായത് ഉൾക്കൊള്ളാൻ പറ്റാത്തതുകൊണ്ടാണോയെന്ന് അറിയില്ല, ഡിങ് ലിറന് പിന്നീട് ആ ഫോമിലേക്ക് ഉയരാൻ കഴിഞ്ഞില്ല. അദ്ദേഹം വിഷാദരോഗിയായി. ഒമ്പതുമാസത്തോളം ചെസ് മത്സരങ്ങളിൽനിന്നു വിട്ടുനിന്നു. ഈ വർഷം ജനുവരിയിൽ മടങ്ങിയെത്തിയെങ്കിലും ഇപ്പോൾ ലോകറാങ്കിങ്ങിൽ ആദ്യ ഇരുപതിൽ ഇല്ല.

ഗുകേഷ് എന്ന എതിരാളിക്കൊപ്പം സ്വന്തം ഫോമും അതിലുപരി മാനസികസംഘർഷവും ഡിങ് ലിറന്റെ മത്സരത്തെ ബാധിക്കും. ഇടയ്ക്കൊരു ടൂർണമെന്റിൽ പകുതിവഴിക്ക് അദ്ദേഹം പിൻവാങ്ങിയതും മറക്കാനാവില്ല. ഉയർച്ചയും താഴ്ചയും ജീവിതത്തിൽ ഉണ്ട്. താഴ്ച കഴിഞ്ഞെന്നും ഇനി ഉയർച്ചയാകുമെന്നുമാണ് ലിറൻ പറയുന്നത്. 'കൊടുങ്കാറ്റ് ഉള്ളിലുള്ള ശാന്തനായ കളിക്കാരനാണ് ലിറൻ' എന്നാണ് ചെസ് പണ്ഡിതരുടെ അഭിപ്രായം. ഏതാനും ഗെയിം കഴിയുമ്പോൾ അറിയാം ലിറൻ ഫോം വീണ്ടെടുത്തോയെന്നത്.

ഗുകേഷിനെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെടാനൊന്നുമില്ല. നേടാൻ ഏറെയുണ്ടുതാനും. അതുതന്നെയാണ് മേൽക്കൈയും. തമിഴ്നാട്ടിൽനിന്നുതന്നെ മറ്റൊരു ലോകചെസ് ചാമ്പ്യൻകൂടിയായാൽ അദ്ഭുതപ്പെടേണ്ടതില്ല. വിശ്വനാഥൻ ആനന്ദ് തെളിച്ച വഴിയിലൂടെ യുവ, കൗമാരനിര കുതിക്കുകയാണ്. അർജുൻ എരിഗാസി അടുത്ത നാളിലാണ് 2800 ഇലോ റേറ്റിങ് കടന്നത്. വിശ്വനാഥൻ ആനന്ദിനുശേഷം ഈ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യക്കാരൻ.

1886 ൽ തുടക്കമിട്ട ലോക ചെസ് ചാമ്പ്യൻഷിപ്പിലെ പതിനെട്ടാമത്തെ ചാമ്പ്യനാകുകയാണ് ഗുകേഷിന്റെ ലക്ഷ്യം. മറിച്ച്, ലിറൻ ജയിച്ചാൽ ലോക ചാമ്പ്യൻമാർ പതിനേഴായിത്തുടരും. ഏഷ്യയിൽനിന്ന് രണ്ടു കളിക്കാർ ചെസ് ലോക കിരീടത്തിനുവേണ്ടി പരസ്പരം മത്സരിക്കുന്നത് ആദ്യമാണ്. പക്ഷേ, അതിൽ ഇന്ത്യ-ചൈന പോരാട്ടമെന്ന വാശി കാണുന്നില്ല. കാരണം ഇപ്പോൾ ഇന്ത്യ-ചൈന ബന്ധം മെച്ചമാണ്.

1972 ൽ ലോകചാമ്പ്യൻ റഷ്യയുടെ ബോറിസ് സ്പാസ്കിയെ അമേരിക്കയുടെ ബോബി ഫിഷർ നേരിട്ടപ്പോൾ അതൊരു റഷ്യ - അമേരിക്ക യുദ്ധമായാണ് ലോകം കണ്ടത്. കാരണം, അന്നു ശീതയുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന കാലമായിരുന്നു. സൗഹൃദാന്തരീക്ഷത്തിൽത്തന്നെ സിങ്കപ്പൂരിൽ കരുനീക്കം നടക്കട്ടെ. ഡിങ് ലിറൻ മാനസികസംഘർഷങ്ങളിൽനിന്നു മോചിതനായി കളിക്കട്ടെ.

ഒരു പതിനെട്ടുകാരനിൽ രാജ്യം മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിനങ്ങളായിരിക്കും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇനിയുള്ളത്. ഇന്ത്യയിൽ ഗ്രാൻഡ് മാസ്റ്റർമാരുടെ എണ്ണം ചെസ്സിലെ കളങ്ങളെക്കാൾ കൂടുതലായിട്ട് കാലമേറെയായി. ഇനി ഒന്നിലധികം ലോക ചാമ്പ്യൻമാർ എന്ന സ്വപ്നം ബാക്കി. ഗുകേഷ് ചരിത്രം സൃഷ്ടിക്കട്ടെ. ■

കവിത

സി. ഷീൻ മരിയ സി.എച്ച്.എഫ്.

## മുനമ്പം മുൾമുനയിൽ

കൊച്ചിക്കടുത്തുള്ള ഗ്രാമമാണേ
മുമ്പധികം കേൾക്കാത്ത മുനമ്പമാണേ
മത്സ്യബന്ധനം ജീവിതമാർഗമാണേ
സമാധാനം സ്വസ്ഥം ജീവിതവും

ഇന്നിതാ മാറുന്നു മുനമ്പമെന്നാൽ
കണ്ണീർമുനമ്പായി മാറിടുന്നു
മുൾമുനയിലമരുന്നു ജീവിതങ്ങൾ
അറുന്നൂറിലേറെ കുടുംബങ്ങളും

അധ്വാനിച്ചു വേർപ്പൊഴുക്കിയ ഭൂമിയാണേ
കിരാതനിയമത്തിൻ പിടിയിലാണേ
അറിഞ്ഞില്ലേ ആരാരും ഈയൂഴിയിൽ
ഈ പതിതരാം ജനതയുടെ ചുടുകണ്ണുനീർ

മുഖ്യധാരാമാധ്യമങ്ങളെങ്ങുപോയി
രാഷ്ട്രീയനേതാക്കളെങ്ങുപോയി
നീതിനിയമങ്ങളെങ്ങുപോയി
മരണത്തിലെത്തുന്നവർ ചങ്കുപൊട്ടി

നേരും നെറിവും എങ്ങുമില്ലേ
വഖഫ് കുരുക്കിന്നറുതിയില്ലേ?
അന്യന്റെ മുതലിൽ കണ്ണിടാതെ
അധ്വാനിച്ചീടേണം വിയർപ്പൊഴുക്കി

വഖഫിൻ ഇടപെടൽ അനീതിയല്ലേ
പെരുംകൊള്ളയ്ക്കറുതിയില്ലേ
ഈ കരിനിയമത്തിൽ കണ്ണീർ വീഴ്ത്തി
ഹൃദയം നുറുങ്ങി എൻ സ്വന്തങ്ങൾ

എല്ലാ നിയമവും കീറിമുറിച്ചിതാ
വഖഫിൻ വാൾ തലയ്ക്കുമീതേ
പോരാടുന്നു പാവങ്ങളുടെമേൽ
ചെറുത്തുനിൽക്കാൻ അണിചേരുക നാം

ഒന്നിച്ചുനിന്ന് ഒറ്റക്കെട്ടായി
പൊരുതുക നാം വഖഫിനെതിരേ
അന്യന്റെ മുതലിലും സ്വത്തിലും
കണ്ണുടക്കിയ കിരാതർക്കെതിരേ

ഇനിയൊരു വഖഫും മുനമ്പത്തിലല്ല
ഒരിടത്തും കടന്നുകയറുവാനായി
ഇടയാക്കില്ല കേരളജനത
ഒറ്റക്കെട്ടായി ധീരതയോടെ
ഒറ്റക്കെട്ടായി ധീരതയോടെ

## വേണം, അതിജാഗ്രത!



- അടുക്കളവാതിലിന്റെ എല്ലാ പൂട്ടുകളും ഉറപ്പുള്ളതാക്കുക.
- പകലും രാത്രിയിലും കതകു പൂട്ടിയെന്ന് ഉറപ്പുവരുത്തുക.
- എല്ലാ വാതിലുകളും താക്കോൽ ഉപയോഗിച്ചു പൂട്ടുക.
- വാതിലിന്റെ പിന്നിൽ ഇരുമ്പിന്റെ പട്ട പിടിപ്പിച്ചാൽ കൂടുതൽ സുരക്ഷ ലഭിക്കും.
- ജനൽപാളികൾ രാത്രി അടച്ചിടുക.
- അടുക്കളഭാഗത്തും വീടിന്റെ മറ്റു ഭാഗങ്ങളിലും രാത്രി ലൈറ്റ് ഓഫാക്കാതിരിക്കുക.
- കവർച്ചക്കാർക്ക് ഉപകാരപ്രദമാകുന്ന ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ വീടിനു പുറത്തു സൂക്ഷിക്കരുത്.
- രാത്രി പുറത്തു ടാപ്പിൽനിന്നു വെള്ളം പോകുന്ന ശബ്ദം കേട്ടാൽ പുറത്തിറങ്ങരുത്.
- രാത്രി കൊച്ചു കുട്ടികളുടെ കരച്ചിൽ കേട്ടാലോ, ആരെങ്കിലും വാതിലിൽ മുട്ടിയാലോ ഉടൻ വാതിൽ തുറക്കരുത്. അയൽവാസികളെ വിവരം അറിയിക്കുക.
- പണവും സ്വർണവും വീട്ടിൽ സൂക്ഷിക്കാതിരിക്കുക.




11-ാം പേജ് തുടർച്ച

"സ്നേഹം പ്രകടിപ്പിക്കാൻ ഒന്നു കിസ് ചെയ്തതു തെറ്റായിപ്പോയോ?"

''സ്നേഹപ്രകടനത്തിന് വേറെത്രയോ മാർഗമുണ്ട് ദീപക്.'

"എന്നോടു ദേഷ്യം തോന്നുന്നുണ്ടോ?"

"ഇല്ല. നമ്മൾ നല്ല ഫ്രണ്ട്സായിത്തന്നെ തുടരും. ഇനി ഇതാവർത്തിക്കരുതെന്ന് ഒരു റിക്വസ്റ്റേ ഒള്ളൂ."

"സോറി. ഞാൻ മാപ്പു ചോദിക്കുന്നു."

''മാപ്പു ചോദിക്കാൻമാത്രം വലിയ തെറ്റൊന്നും ചെയ്തില്ല. ദീപക് എന്നോടുള്ള സ്നേഹം പ്രകടിപ്പിച്ചതാന്ന് പറഞ്ഞ സ്ഥിതിക്ക് ആ വിഷയം അവിടെ തീർന്നു. നമ്മൾ പഴയതുപോലെ തന്നെ നല്ല സുഹൃത്തുക്കളായി തുടരും ദീപക്."

"സന്തോഷമായി."

ദീപകിന്റെ മനസ്സിലെ ആകുലത ഒഴിഞ്ഞു.

അവൾ ക്ഷമിച്ചു എന്നു കേട്ടപ്പോൾ ആശ്വാസമായി.

പെട്ടെന്ന് വർഷയുടെ മൊബൈൽ ശബ്ദിച്ചു. എടുത്തു നോക്കിയപ്പോൾ അങ്ങേത്തലയ്ക്കൽ ജയേഷ്!

"ഹലോ."

''ഇന്ന് ഇത്തിരി നേരത്തേ വരോ? സെക്കൻഡ് ഷോയ്ക്കു പോകാനാ? പപ്പേം അമ്മേം ഒക്കെയുണ്ട്. ടിക്കറ്റ് ബുക്ക് ചെയ്തേക്കട്ടെ."

"ഏതു സിനിമയാ ജയേഷ്?"

ജയേഷ് സിനിമയുടെ പേരു പറഞ്ഞു.

''വരാം ജയേഷ്. ബുക്കു ചെയ്തോ."

"ഒരുപാട് സ്പീഡിലൊന്നും പോരണ്ടാട്ടോ. രാത്രി ഒമ്പതരയ്ക്കാ സിനിമ. സൂക്ഷിച്ച് ഓടിച്ചോണം."

"ഉം." ഫോൺ കട്ടായി.

"എന്താ?" ദീപക് ആകാംക്ഷയോടെ വർഷയെ നോക്കി.

"നമ്മൾ ഇപ്പ കണ്ട സിനിമ ഇന്നു രാത്രി വീണ്ടും ഞാൻ കാണാൻ പോകുന്നു; എന്റെ ഹസ്ബന്റിനോടൊപ്പമിരുന്ന്."

''കുറ്റബോധം തോന്നുന്നുണ്ടോ?"

"എന്താന്നറിയില്ല; മനസ്സിലൊരു നൊമ്പരം."

"സാരമില്ല. രണ്ടു ദിവസം കഴിയുമ്പം മാറിക്കോളും." ദീപക് സമാധാനിപ്പിക്കാൻ നോക്കി. വർഷ പിന്നീടൊന്നും മിണ്ടിയില്ല. ദീപക്കിനോട് യാത്ര പറഞ്ഞു പിരിഞ്ഞു.

വീട്ടിൽ വന്നപ്പോൾ ഏഴു മണി കഴിഞ്ഞിരുന്നു. എല്ലാവരും സിനിമയ്ക്കു പോകാനുള്ള സന്തോഷത്തിലിരിക്കയാണ്. വിശേഷങ്ങൾ പങ്കുവച്ചശേഷം അവൾ കുളിക്കാൻ പോയി.

ദേഹത്തു സോപ്പു തേക്കുമ്പോൾ ദീപക്കിനൊപ്പം ഇരുന്നു സിനിമ കണ്ടതിലുള്ള കുറ്റബോധമായിരുന്നു മനസ്സിൽ നിറയെ. തെറ്റല്ലേ താൻ ചെയ്തത്? വിവാഹിതയായ ഒരു സ്ത്രീ ഭർത്താവറിയാതെ സഹപ്രവർത്തകന്റെ കൂടെ സിനിമയ്ക്കു പോകാമോ? പോകാം. ഈ ആധുനികകാലത്ത് അതൊരു തെറ്റായി കാണേണ്ടതില്ല. മനസ്സിൽ അങ്ങനെ പറഞ്ഞ് ആശ്വസിക്കാൻ ശ്രമിച്ചു അവൾ.

തിയേറ്ററിൽ ജയേഷിന്റെ തൊട്ടടുത്ത് ഇരിക്കുമ്പോൾ മനസ്സ് കലുഷിതമായിരുന്നു. സിനിമ തുടങ്ങിയപ്പോൾ ജയേഷ് വർഷയോടു ചേർന്നിരുന്നിട്ട് അവളുടെ കൈയിൽ അവന്റെ വിരലുകൾ കോർത്തുപിടിച്ചു. ആ സ്നേഹപ്രകടനം കണ്ടപ്പോൾ ദീപക് കൈയിൽ മുറുകെപ്പിടിച്ചതാണ് മനസ്സിലേക്ക് ഓടിക്കയറി വന്നത്. മനസ്സിലെ കുറ്റബോധം തീയായി ആളിപ്പടർന്നു. സിനിമ ആസ്വദിക്കാവുന്ന മാനസികാവസ്ഥയിലായിരുന്നില്ല അവളപ്പോൾ!

ജയേഷ് വലതുകരം നീട്ടി വർഷയെ തന്നിലേക്കു ചേർത്തുപിടിച്ചു. ഈ സ്നേഹപ്രകടനമാണ് താൻ കൊതിച്ചത്. വർഷ ഓർത്തു. ജയേഷിന് തന്നോട് ഒരുപാട് സ്നേഹമുണ്ട്. അതു പ്രകടിപ്പിക്കാൻ അറിയില്ല എന്നൊരു കുറവേയുള്ളൂ. ദീപക്കിനുള്ളത് ശാരീരികസ്നേഹം മാത്രം! അവന്റെ ഉള്ളു നിറയെ കാപട്യമാണ്. ഇന്ന് തിയേറ്ററിനുള്ളിൽ രണ്ടുപേരുടെയും സ്നേഹത്തിന്റെ വ്യത്യാസം താൻ തിരിച്ചറിഞ്ഞു. ക്ഷമിക്കൂ ജയേഷ്. മനസ്സിൽ അവൾ ജയേഷിനോടു മാപ്പ് ചോദിച്ചു.

(തുടരും)

# അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

▪ **ഡോമിനി രാമപുരത്ത്**

**പ്ര**ത്യേകിച്ചു പരിപാടികൾ ഒന്നുമില്ലെങ്കിൽ വൈകുന്നേരം നടക്കാൻ പോകുന്നത് ഞാൻ ഒഴിവാക്കാറില്ല. നടപ്പുകൊണ്ട് ശരീരത്തെക്കാൾ ഏറെ ഗുണം മനസ്സിനാണെന്ന് എനിക്കു തോന്നാറുണ്ട്. കാരണം, ഇടവകാംഗങ്ങളെയും മറ്റുള്ളവരെയും നേരിൽ കാണാനും അല്പനേരം അവരോടു സംസാരിക്കാനും കഴിയുന്നതുവഴി എനിക്കു 'മൈലേജ്', കൂടുതൽ കിട്ടുന്നു എന്നതുതന്നെ കാരണം. മരച്ചീനി, കൈത, തുടങ്ങിയ കൃഷിയിനങ്ങളുടെ ദൈന്യാവസ്ഥ, ഫലങ്ങളുടെ വിലയിടിവ്, റോഡിന്റെ ശോച്യാവസ്ഥ തുടങ്ങി തലേ ഞായറാഴ്ച ഞാൻ കുർബാനമധ്യേ ചെയ്ത പ്രസംഗംവരെ ആ നടപ്പിൽ വിഷയമാകാറുണ്ട്. രോഗികളുള്ള വീട്ടിൽ കയറി അല്പം പ്രാർഥിക്കുന്നതും പലർക്കും ആശ്വാസമാണ്. രോഗികൾ ഇല്ലെങ്കിലും അച്ചനെ വീട്ടിലൊന്നു കേറ്റിയിട്ടു വിടാനും പലർക്കും ഉത്സാഹമാണ്. ഇതൊക്കെ 'നല്ല നടത്ത'ത്തിനു ഗുണകരമല്ലെങ്കിലും ആരെയും നിരാശപ്പെടുത്താൻ മനസ്സുവരാറില്ല.


ഒരു ദിവസം മേല്പറഞ്ഞ നടത്തത്തിന്റെ ഭാഗമായി പഞ്ചായത്തുവഴിയേ നടന്നുവരുമ്പോൾ പതിവില്ലാതെ ഒരാൾ എന്നെ കാത്തുനിൽക്കുന്നു. നഗരത്തിൽ പലചരക്കുകട നടത്തുന്ന കുറുവച്ചനാണ് ആൾ. എന്നെ പലകുറി കണ്ടിട്ടുള്ളതാണെങ്കിലും 'ഞാനിതൊക്കെ എത്ര കണ്ടതാ' എന്ന ഭാവത്തിൽ തലതിരിച്ചു നിൽക്കാറുള്ള കുറുവച്ചൻ ഇന്ന് എന്നെക്കണ്ട് വെളുക്കെ ചിരിച്ചു.

"എന്താ കുറുവച്ചാ... ഇന്നു കട തുറന്നില്ലേ.." ഞാൻ കുശലാന്വേഷണം നടത്തി.

"ഇല്ലച്ചോ. രണ്ടുദിവസമായി ഒരു പനിക്കോള്... ഡോക്ടറ് റെസ്റ്റെടുക്കാൻ പറഞ്ഞു.'' അയാൾ വിനിയാന്വിതനായി കൈകൂപ്പി നിൽക്കുകയാണ്.

സംസാരംകേട്ട് വീടിനകത്തുനിന്ന് കുറുവച്ചന്റെ ഭാര്യ സൂസമ്മയും രണ്ടു കുട്ടികളും ചാടിവന്നു കൈകൂപ്പി.

''ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ അച്ചോ." അവർ കോറസ്പോലെ പറഞ്ഞു. ഞാൻ കൈകൂപ്പി അതു വരവുവച്ചു.



''അച്ചാ, ഒന്നു കയറിയിട്ടു പോകാം." കുറുവച്ചന്റെ വാക്കുകൾ വീണ്ടും വിനയാന്വിതമായി.

ഇതെന്തുകൂത്ത്! ഒരിക്കലും എന്നെ മൈൻഡു ചെയ്യാത്ത കുറുവച്ചനു മാനസാന്തരമോ? ഞാൻ പിന്നെ ഒന്നും ആലോചിച്ചില്ല. കാലൻകുട കുത്തി സൂക്ഷിച്ച് കുത്തുകല്ലു കയറി വീട്ടുമുറ്റത്തെത്തി. സൂസമ്മയും കുട്ടികളും മുമ്പിലും കുറുവച്ചൻ എന്റെ പിമ്പിലുമായി ജാഥ വീട്ടിനകത്തേക്ക്...!

ഇതിനിടെ എന്റെ പിറകിൽ നടന്ന കുറുവച്ചൻ ആകാശത്തേക്കു നോക്കി ഇരു കൈയും വായുവിലെറിഞ്ഞ് മുദ്രാവാക്യം വിളിക്കുംപോലെ എന്തോ കാണിച്ചു. അയാൾ വീണ്ടും അതു തുടർന്നപ്പോൾ ഞാൻ തലതിരിച്ചു നോക്കി. ഒരു കാലും രണ്ടു കൈകളും വായുവിൽ പൊക്കി ഭരതനാട്യക്കാരിയെപ്പോലെ നിൽക്കുകയാണ് കുറുവച്ചൻ! ഞാൻ കണ്ടെന്നു മനസ്സിലായപ്പോൾ അയാൾ ജാള്യത്തോടെ പൂർവസ്ഥിതി പ്രാപിച്ച് എന്നെ അനുഗമിച്ചു. ഇതെന്നാ മനുഷ്യനെ വിളിച്ചുവരുത്തി അപമാനിക്കുകയാണോ എന്നു ചോദിക്കാൻ എന്റെ നാക്കു തരിച്ചെങ്കിലും ഞാനാ ചോദ്യം പുറത്തേക്കു വരാതെ ചവച്ചിറക്കി.

കട്ടൻകാപ്പിയും അച്ചപ്പവും പാത്രത്തിലാക്കി സൂസമ്മ എന്റെ മുമ്പിൽ വച്ചു. വച്ചതറിയാതെ ജൂനിയർ കുറുവച്ചൻമാർ അച്ചപ്പം കൈക്കലാക്കി പുറത്തേക്കു പാഞ്ഞു. കാലിയായ പാത്രത്തിനുമുമ്പിൽ ഞാൻ ഇളിഭ്യനായി ഇരുന്നു കട്ടൻ കുടിച്ചു തീർത്തു.

കുശലാന്വേഷണത്തിനു ശേഷം പുറത്തേക്കിറങ്ങുമ്പോൾ കുറുവച്ചൻ പറഞ്ഞു:

''അച്ചോ, മറ്റൊന്നും വിചാരിക്കരുത്... അച്ചനെ വീട്ടിലൊന്നു കയറ്റണമെന്ന് വളരെ നാളായി എന്റെ ആഗ്രഹമാണ്. ഇപ്പോൾ അവനും കണ്ടുകാണും അച്ചൻ വന്നത്..."

അവനോ? അതാര്? ഞാൻ ചോദിക്കുംമുമ്പേ അയാൾ തുടർന്നു:

"ഇവളുടെ ആങ്ങള ദുബായിലാ. അവനുമായി ഞാനൊരു പന്തയം വച്ചു. അവൻ പറഞ്ഞു, അച്ചൻ ഇവിടെ വരില്ലാന്ന്."

ദുബായിക്കാരൻ ഞാൻ വന്നത് എങ്ങനെ അറിയാൻ? ഞാൻ സംശയം മറച്ചുവച്ചില്ല.

കുറുവച്ചൻ മുറ്റത്തുനിന്ന തേക്കിന്റെ മുകളിൽ പിടിപ്പിച്ചിരിക്കുന്ന സിസിടിവി ക്യാമറയിലേക്കു കൈചൂണ്ടി. "ക്യാമറയിലൂടെ അവൻ കാണും എപ്പോഴെങ്കിലും."

ദൈവമേ! ഇതെന്തൊരു കാലം! ഞാൻ വീഴാതെ സൂക്ഷിച്ച് കുത്തുകല്ലിൽ ചവിട്ടി റോഡിലേക്കിറങ്ങി. അറിയാതെ കല്ലിൽ തട്ടി ഞാൻ വീണാൽ വികാരിയച്ചൻ ചക്ക വെട്ടിയിട്ടതുപോലെ റോഡിൽ കിടക്കുന്നത് എക്സ്ക്ലൂസീവ് ആയി ദുബായിക്കാരൻ കണ്ടാലോ?

■

## ശ്രേഷ്ഠമലയാളം



**ഡോ. ഡേവിസ് സേവ്യർ**

# പൂങ്കുഴലി

**സ**ന്ധിയിൽ ആഗമിക്കുന്നത് യകാരമോ വകാരമോ മാത്രമാണെന്നും യയ്ക്കു പകരം ചിലപ്പോൾ നയും വയ്ക്കു പകരം ചിലപ്പോൾ കയും വരാമെന്നും നിരീക്ഷിച്ചത് കേരളപാണിനിയാണ്. "ശ്രുതിമാധുര്യാർഥമായും/ നാഗമം ചിലെടങ്ങളിൽ* (കാരിക8) എന്നൊരു കാരിക രചിക്കാനിടയായതിന്റെ പിന്നിലും ഈ നിഗമനത്തിന്റെ പൊരുൾ ഉള്ളടങ്ങുന്നു. കരി + പുലി = കരിമ്പുലി; പുളി + കുരു = പുളിങ്കുരു. രണ്ടിടത്തും നകാരത്തിനു മകാരവും ങകാരവും ആദേശമായി വരുമത്രേ!" നാഗമം വിധിച്ച് അതിനെ ആദേശമായി അനുനാസികങ്ങൾ വരുന്നുവെന്നു വിധിക്കുന്നത് എന്തിനാണെന്നു മനസ്സിലാകുന്നില്ല. അനുനാസികങ്ങൾ നേരേ ആഗമങ്ങളായി വരികയാണെന്നു പറഞ്ഞുകൂടേ? ഈ ശങ്കയ്ക്കു കേരളപാണിനി പ്രതിവിധി നിർദേശിക്കുന്നില്ല. ഇക്കാര്യത്തിൽ നമ്മുടെ പ്രാചീനവൈയാകരണനായ ലീലാതിലകകാരന്റെ അഭിപ്രായം സ്വീകാര്യമാണ്. "ക്വചിദദാദിദൂദ്ഭ്യഃ പരസ്യപഞ്ചമഃ(സൂത്രം 48)** എന്ന സൂത്രത്തിൽ ചിലടത്ത് അ ആ ഇ ഈ - ഇവയ്ക്കു ശേഷം കചതപങ്ങൾ വന്നാൽ ഇടയ്ക്ക് അവയുടെ അനുനാസികങ്ങൾ ആഗമമായി വരുമെന്ന് ആചാര്യൻ വിധിക്കുന്നു. ...അനുനാസികാഗമം നേരേ സംഭവിക്കുന്നുവെന്നാണ് ആചാര്യന്റെ മതം. അതാണ് സ്വീകാര്യവും" *** കരിമ്പുലിയിൽ മകാരവും പുളിങ്കുരുവിൽ ങകാരവും ആഗമിക്കുന്നു എന്നു ഗണിച്ചാൽ എല്ലാ സങ്കീർണതകളും ഒഴിവാകും.

ക, ച, ത, പ - ഇവ അ ആ ഇ ഊ എന്നീ സ്വരങ്ങൾക്കു ശേഷം ഇവയിലേതെങ്കിലുംകൊണ്ടു തുടങ്ങുന്ന പദം സന്ധി ചെയ്താൽ, ഇടയ്ക്ക് കയ്ക്ക് ങ, ചയ്ക്ക് ഞ, ത യ്ക്ക് ന, പ യ്ക്ക് മ എന്നീ ക്രമത്തിൽ വ്യഞ്ജനങ്ങൾ വരും. ഉദാഹരിക്കാം: പൂ + കുഴലി = പൂങ്കുഴലി (ക→ങ) മാ + കനി = മാങ്കനി(ക→ങ) പൂ + ചേല= പൂഞ്ചേല (ച→ഞ) മാ + തോൽ = മാന്തോൽ (ത→ന) പൂ + പൊടി = പൂമ്പൊടി(പ→മ). മാ, പൂ എന്നിവ മാവിനെയും പൂവിനെയും കുറിക്കുന്നു. ''ദീർഘത്തിന്നവസാനത്തിൽ ബാഹുല്യേന യവാഗമം''**** (കാരിക 11). അതായത്, ദീർഘത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾക്ക് ബഹുലമായി യകാരമോ വകാരമോ ആഗമമായി വരാം. ഉദാ: മാ - മാവ്, പൂ - പൂവ്, കാ - കായ് എന്നിങ്ങനെ. ലീലാതിലകത്തിലെ പല സന്ധിനിയമങ്ങളും ഇന്നു പ്രസക്തമല്ല. പക്ഷേ, 48-ാം സൂത്രം ചോദ്യം ചെയ്യാൻ കഴിയാത്തവിധം ആധുനികമായി നിലകൊള്ളുന്നു. ആചാര്യന്റെ ധൈഷണികതയ്ക്കു മുമ്പിൽ നമസ്കരിക്കാം!

* രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം -127.

** ക്വചിത് അത് ആത് ഇത് ഊദ്ഭ്യ എന്നു പദച്ഛേദം. അദാദിദൂദ്ഭ്യഃ അത്, ആത്, ഇത്, ഊഭ്ഭ്യ = അ, ആ, ഇ, ഊ എന്നിവയിൽനിന്ന്

*** ആന്റണി സി.എൽ., സി.എൽ. ആന്റണിയുടെ സമ്പൂർണകൃതികൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ, പുറം-315, 316

**** രാജരാജവർമ്മ ഏ. ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം - 128.

# ട്രാൻസാക്ഷണൽ അനലിസ്റ്റ് & ടീം ബിൽഡിങ് വർക്ക്ഷോപ്പ്

1st December 2024

10 AM to 4 PM

TAJ, MG Road, Bengaluru

- Exclusively for Registered Premium Candidates
- Entry for 20 boys and 20 girls
- Fee Rs 3,500/- per head

ബെത്ലെഹം മാട്രിമോണിയൽ, വിവാഹാർഥികൾക്കുമാത്രമായി, ഒരു ദിവസത്തെ മനുഷ്യസ്വഭാവശാസ്ത്രപരിശീലനപരിപാടി നടത്തുന്നു.

നിങ്ങളുടെ ജോലിസ്ഥലത്തെ, എച്ച്.ആർ. പരിശീലനപരിപാടികൾ, അതിൽ പങ്കെടുക്കുന്നവർക്കു പരസ്പരം മനസ്സിലാക്കാനും ഒത്തൊരുമയിൽ പ്രവർത്തിക്കാനും സഹായിക്കുന്നതുപോലെ, ഈ പരിശീലനപരിപാടി, നിങ്ങളുടെ ഔദ്യോഗികജീവിതത്തിലും വ്യക്തിജീവിതത്തിലും നിങ്ങൾക്ക് ഇടപെടേണ്ടിവരുന്നവരോടെല്ലാം ഫലപ്രദമായി ഇടപെടാൻ നിങ്ങളെയും സഹായിക്കും.

ഒരു പെണ്ണുകാണലിന്റെ ഔപചാരികതയോ ചമ്മലോ കൂടാതെ, നിങ്ങൾക്ക് അനുയോജ്യരാകാൻ സാധ്യതയുള്ള നിരവധി പ്രൊപ്പോസലുകൾ ഒറ്റദിവസംകൊണ്ട് നേരിട്ടുകാണാനും അടുത്തറിഞ്ഞു വിലയിരുത്തി താരതമ്യം ചെയ്യാനും, ഒരുപക്ഷേ, നിങ്ങളുടെ ജീവിതപങ്കാളിയെ കണ്ടെത്താനുംകൂടി സാധിച്ചേക്കാവുന്ന, ഈ അവസരം പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

ബെത്ലെഹം ഡയറക്ടർ ജോർജ് കാടങ്കാവിൽ ആണ് ഈ പ്രോഗ്രാമിന്റെ പരിശീലകൻ. ഇന്ത്യൻ എയർഫോഴ്സിലെ സേവനത്തിനുശേഷം അമേരിക്കയിൽ റിക്രൂട്ടർ ആയും ട്രെയ്നർ, സോഷ്യൽ വർക്കർ, എഴുത്തുകാരൻ, മാട്രിമോണിയൽരംഗത്തെ പയനിയർ എന്നീ നിലകളിൽ നേടിയ വൈവിധ്യമാർന്ന അനുഭവങ്ങളിൽനിന്നും രൂപപ്പെടുത്തിയതാണ് ഈ പ്രോഗ്രാം.

### ട്രാൻസാക്ഷണൽ അനലിസിസ് & ടീം ബിൽഡിങ് പരിശീലനം എന്തിന്?

പരസ്പരം മനസ്സിലാക്കുന്നതിലും ആശയവിനിമയം നടത്തുന്നതിലും ഇടപെടലുകളിലും അറിയാതെ സംഭവിച്ചുപോകുന്ന അബദ്ധങ്ങളാണ് നമ്മുടെയൊക്കെ വ്യക്തിബന്ധങ്ങളിൽ അസ്വസ്ഥത സൃഷ്ടിക്കുന്നത്.

ചില കാര്യങ്ങൾ പറഞ്ഞുവരുമ്പോൾ ഉദ്ദേശിച്ച അർഥമായിരിക്കില്ല, വായിൽനിന്നു പുറത്തുവരുന്ന വാക്കുകളിൽ. പലപ്പോഴും പറയുന്ന ആൾ ഉദ്ദേശിച്ച അർഥത്തിലായിരിക്കില്ല, കേൾക്കുന്ന ആൾ കാര്യം മനസ്സിലാക്കുന്നത്.

വാക്കിലെ അർഥംമാത്രമല്ല, സ്വരത്തിലും ഭാവത്തിലും വ്യത്യസ്തങ്ങളായ അർഥവും അനർഥങ്ങളും ഒളിഞ്ഞിരിക്കുന്നുവെന്ന് പലർക്കുമറിയില്ല.

ഇതറിയാതെയും ഭവിഷ്യത്തുകളെക്കുറിച്ചു മനസ്സിലാക്കാതെയും പ്രവർത്തിക്കുന്നതുകൊണ്ടാണ് നല്ല ഉദ്ദേശ്യത്തോടെ ചെയ്യുന്ന പലതും വിപരീതഫലം ഉണ്ടാക്കുന്നത്.

കുടുംബത്തിൽമാത്രമല്ല, തൊഴിൽസ്ഥലത്തും മറ്റുള്ളവരുമായി ശാന്തതയോടെ ഇടപെടാനും സഹകരിച്ചുപ്രവർത്തിച്ച് എല്ലാവരുടെയും ലക്ഷ്യം സാധ്യമാക്കാനാവുംവിധം സ്വച്ഛമായി ജീവിക്കാനും സാമൂഹികജീവിയായ മനുഷ്യന് തന്റെയും തന്റെ സഹജീവികളുടെയും സ്വഭാവരീതികൾ, മനസ്സിലാക്കി പഠിച്ചുപെരുമാറേണ്ടത് അത്യാവശ്യമാണ്.

അതിനുതകുന്ന ഏതാനും മനഃശാസ്ത്രമേഖലകളെ പരിചയപ്പെടുത്താനും ബെത്ലെഹം അംഗങ്ങളെ ഇതു പരിശീലിപ്പിക്കാനും ഉദ്ദേശിച്ചാണ് ഈ ശില്പശാലകൾ ആരംഭിച്ചിരിക്കുന്നത്. നിങ്ങൾ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ തീർച്ചയായും ഈ വിഷയങ്ങളെക്കുറിച്ചു കൂടുതൽ ആഴത്തിൽ അറിവു നേടണം, ഇതു പരിശീലിച്ചു പെരുമാറണം. ഈ കഴിവുകളുണ്ടെങ്കിൽ ജോലിസ്ഥലത്തും വ്യക്തിബന്ധങ്ങളിലും നിങ്ങൾ കൂടുതൽ വിലമതിക്കപ്പെടും. നിങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാകാനും ഇതു സഹായിക്കും.

വിവാഹമന്വേഷിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരുന്ന് ഇതു പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത്, ഒരുപക്ഷേ ഈ ഗ്രൂപ്പിൽനിന്ന് ഒരു പങ്കാളിയെ കണ്ടെത്താനും അയാൾക്കു യോജിച്ച പങ്കാളിയാണോയെന്നു വസ്തുനിഷ്ഠമായി മനസ്സിലാക്കാനും കൂടുതൽ സഹായകരമാകും.




For more details, call or whatsapp - George Kadankavil @ 9249392518

വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം ബെത്ലെഹം മാട്രിമോണിയൽ

Educating and Uniting the Right Man with the Right Woman Since 1996

Bethlehem Matrimonial.com

ADVT

Deepanalam Weekly

RNI No : 16998/68
Vol. 57 No. 38 Date of Publication 21 November 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org